ഐതിഹ്യദീപിക



പ്രകാശകൻ

എം. ബാലകൃഷ്ണൻനായർ ബി. എ.

V. Sulochana
=B

ഐതിഹ്യദീപിക.

ഏ. ബാലകൃഷ്ണപിള്ള
ബി. ഏ., ബി. എൽ.

ബി. വി. ബുക്ഡിപ്പോ,
തിരുവനന്തപുരം.

1123] [അണ 8.

ബി. വി. ബുക്ഡിപ്പോ മുദ്ര ഇല്ലാ പ്രതിയിലും മുണ്ടായിരിക്കുന്നതാണ്.

മുഖവുര

ഇന്നത്തെ സയൻസിന്റെ അത്ഭുതകരങ്ങളായ സാങ്കേതിക കണ്ടുപിടിത്തങ്ങൾ നിമിത്തം, പണ്ടത്തെ ലോകത്തിലെ മനുഷ്യരേയും, രാജ്യക്കാരേയും തമ്മിൽ തമ്മിൽ അകറ്റിയിരുന്ന ദൂരം എന്നതു മിക്കവാറും ഇല്ലാതായിച്ചമഞ്ഞിരിക്കുന്നു. ഭൂമിയുടെ ഒരു അറ്റത്തുനിന്നു മറ്റേതിലേക്കു പോകുവാൻ ഇന്നു തുടങ്ങിയിരിക്കുന്ന വിമാനയാത്രയിൽ ദിവസങ്ങൾ അധികം വേണ്ടിവരുന്നില്ല. ദൂരത്തിന്റെ ഈ മായാജാലം മനുഷ്യരുടെ ഇടയ്ക്കു പൂർവാധികം അടുപ്പവും സഹകരണവും വരുത്തിവച്ചിരിക്കുന്നു. ഇവ വച്ചു പുലത്തിക്കൊണ്ടു പോകുവാൻ സയൻസിന്റെ ഇരട്ട മുഖമുള്ള അനേകം ബോധമുതലായ കണ്ടുപിടിത്തങ്ങൾ അവരെ നിർബന്ധിക്കുന്നുമുണ്ട്. ജനങ്ങളെ രക്ഷിക്കുണക്കിനു മന്നിച്ചുകൊല്ലുവാൻ കെൽപ്പുള്ള അണുശക്തിയിൽ തന്നെ, മനുഷ്യരും പ്രകൃതിയുമായുള്ള നിത്യപോരാട്ടത്തിൽ മനുഷ്യരെ സഹായിച്ചു അവരുടെ ജീവിതത്തിനു് ഉയർച്ചയും സുഖം നൽകുവാൻ ഉപകരിക്കുന്ന ഇൻർജിയും (ശക്തിയും കൂടി) ഉൾക്കൊണ്ടിരിക്കുന്നതു നിമിത്തമാണ് അതിനു ഇരട്ട മുഖമുണ്ടെന്നു പറഞ്ഞതു്. ഇത്തരം കണ്ടുപിടിത്തങ്ങളുടെ ഗുണകരങ്ങളായ വശങ്ങൾ മാത്രം ഉപയോഗപ്പെടുത്തി മനുഷ്യർ തമ്മിൽ സഹകരിക്കയാണു വേണ്ടതു്. എങ്കിൽ;

"നിത്യവും ജീവിതം വിതയറി
മൃത്യുകൊയ്യും വിശാലമാം പാടം;
തരുകണ്ടിടാം കൊയ്ത്തിൻ ചാമ്പൽ—
കരുതിലേന്തിക്കളത്ത ഞാർക്കൂട്ടം,
അത്തമിൻ കെട്ടു പായലിൻ മീതെ
യുൾത്തെളിവിന്റെ നെല്ലിപ്പന്തോട്ടം,
ചൂഴെയെത്തുന്ന രോഗദാരിദ്ര്യ—
ച്ചുഴിയ്ക്കു റിക്കടിച്ചതിൻ കോട്ടം."

എന്നനമ്മുടെ ഉത്തമകവികളിലൊരാളായ ശ്രീ. വൈലോപ്പള്ളിൽ ശ്രീധരമേനോൻ പാടിയിട്ടുള്ളവിധം അധഃപതിച്ചിരിക്കുന്ന നമ്മുടെ ഗ്രാമങ്ങൾ അധിക കാലതാമസം കൂടാതെ ഐശ്വര്യസമാധാനങ്ങളുടെ നന്ദനോദ്യാനങ്ങളായി പരിലസിക്കുന്നതാണ്. ഇപ്പകാരം ഐശ്വര്യസമാധാനങ്ങൾ മാത്രം രാജ്യത്തിലും കളിയാടുന്നതായാൽ, ഭിന്നരാജ്യക്കാർ തമ്മിൽ ഏറിയകുറം സാമ്പത്തിക വൈഷമ്യങ്ങൾ മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന മത്സരങ്ങളിൽ

ഒട്ടുമുക്കാലും അസ്തമിച്ച ലോകത്തിൽ ഐക്യവും, സമത്വവും, സമാധാനവും ജനിക്കുകയും ചെയ്യും. ഇതോടുകൂടിത്തന്നെ ശേഷിച്ച ഭാഗം പോരാട്ടക്കാരണങ്ങളെ അകറ്റുവാനതക്കവണ്ണം വിധങ്ങളായ മനുഷ്യസംസ്കാരങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം മനുഷ്യർക്ക് അനായാസം ലഭിച്ചാൽ, പിന്നെ അവർക്ക് ഒരു സുവർണ്ണയുഗം പിറക്കുന്നതുമാണ്.

ഇപ്രകാരമുള്ള ഒരു ഏകലോകം സൃഷ്ടിച്ച പ്രസ്തുത സുവർണ്ണയുഗം സ്ഥാപിക്കുവാൻ ഉദ്ദേശമുള്ള "യുണൈറ്റഡ് നേഷൻസ് അസംബ്ലി" എന്ന ഒരു അഖിലലോകസ്ഥാപനം ഇന്നു ജനിച്ചിരിക്കുന്നു. ശൈശവസഹജമായ ദുർബലതകൾ ഇപ്പോൾ അതിനെ അലട്ടുന്നതായി കാണാമെങ്കിലും, മനുഷ്യർ മനസ്സുവച്ചാൽ ഇവയെ മാറ്റി അതിനു യൗവനസഹജമായ ശക്തി നൽകുവാൻ അവർക്കു കഴിയും. ഈ സന്മനസ്സ് അവരിൽ ജനിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നു വിവിധസംസ്കാരങ്ങളെ സംബന്ധിച്ചു മുകളിൽ പറഞ്ഞ പരിജ്ഞാനം അവർക്കു നൽകുന്നതാണ്. ഇതു സാധിക്കുന്നതിനു ലോകചരിത്രപരിജ്ഞാനം അത്യന്തം ഉപകരിക്കുകയും ചെയ്യും. ഏതു രാജ്യക്കാരായാലും ശരി, അവർ ഉദ്ദേശത്തിനു നേരിടേണ്ടിവരുന്ന പ്രധാന പ്രശ്നങ്ങളും മെച്ചമായ സാദൃശ്യങ്ങളുള്ളവയായിരിക്കും. ഇങ്ങനെ പ്രശ്നങ്ങൾക്ക് ഒരു രാജ്യക്കാർ തൃപ്തികരമായ പരിഹാരം കണ്ടുപിടിച്ചാൽ, അതു മറ്റുള്ളവർക്കും സ്ഥലകാലഭേദങ്ങൾക്കനുസരണമായിട്ടുള്ള ഭേദഗതിസഹിതം സ്വീകരിക്കാവുന്നതാണ്. ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ ചിലർ രാജ്യക്കാർക്കും പറ്റിയിട്ടുള്ള പരാജയങ്ങളും കണ്ടു മറ്റുള്ളവർക്ക് ഒരു പാഠം പഠിക്കാവുന്നതുമാണ്.

ലോകചരിത്രപരിജ്ഞാനത്തിന്റെ ഈ ഭാഗം മനസ്സിലാക്കി അതു ലോകത്തിൽ പരത്തേണ്ടതിനു വേണ്ട പദ്ധതികളും തൃപ്പവൽക്കരിക്കുവാൻ യുണൈറ്റഡ് നേഷൻസ് അസംബ്ലി ഇന്നു തുടങ്ങിയിട്ടുണ്ട്. ലോകചരിത്രത്തിൽ നമ്മുടെ ബാലന്മാർക്കും ബാലികമാർക്കും കൗതുകം ജനിപ്പിക്കുവാനുദ്ദേശിച്ചാണ് ഒട്ടധികം കൊല്ലങ്ങൾക്കുമുമ്പു ഞാൻ ഈ കൊച്ചുപുസ്തകം രചിച്ചതു്. ഈ ഉദ്ദേശം ഫലിച്ചാൽ ഞാൻ കൃതാർത്ഥനാവുകയും ചെയ്യും.

20—9—1123
പറവൂർ,

ഏ ബാലകൃഷ്ണപിള്ള.

വിഷയവിവരം

		പേജ്
1.	അന്ധനായ രാജകുമാരൻ	1
2.	സുൽത്താന്റെ അസൂയ	10
3.	ലോകനാഥന്മാർ	15
4.	ഒരു ധീരനായ യോദ്ധാവു്	19
5.	ഉദാരനായ ജേതാവു്	26
6.	ഒരു ചതിപ്രയോഗം	35
7.	രാജദൂതന്റെ ഫലിതങ്ങൾ	39
8.	ചക്രവർത്തിക്കുപറ്റിയ വിഡ്ഢിത്തം	44
9.	രാജാവിന്റെ എഴുത്തു്	48
10.	വിധിയന്ത്രത്തിരിപ്പു്	53



ഏ. ബാലകൃഷ്ണപിള്ള
ബി. ഏ., ബി. എൽ.

ഐതിഹ്യദീപിക

അന്ധനായ രാജകുമാരൻ

രണ്ടായിരത്തിൽപരം സംവത്സരങ്ങൾക്കു മുമ്പ് ഇൻഡ്യാരാജ്യത്തിൽ അശോകൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം അയൽ രാജ്യങ്ങളെ കീഴടക്കി ഏകച്ഛത്രാധിപതിയായി രാജ്യഭാരം ചെയ്തു. അശോകന്റെ ഭരണകാലത്തു രാജ്യത്തിൽ ഐശ്വര്യം വർദ്ധിച്ചു. പ്രസിദ്ധനായ ഈ ചക്രവർത്തി വളരെക്കാലം രാജ്യം പരിപാലിച്ചു. അദ്ദേഹത്തിന്റെ ഭരണം ന്യായമായും ഊർജ്ജിതമായും നടന്നുകൊണ്ടിരുന്നു. എന്നാൽ വാർദ്ധക്യകാലത്തും അശോകൻ പല ചപലതകളും കാണിച്ചതായി പറയപ്പെട്ടിരിക്കുന്നു.

അശോകന്റെ പട്ടമഹിഷി ഗുണവതിയായ അസന്ധമിത്ര ആയിരുന്നു. ആ സ്ത്രീയിൽ മഹാരാജാവിനു കുന്തളൻ എന്നൊരു പുത്രനുണ്ടായി. ഈ രാജകുമാരൻ സുന്ദരനും ഗുണവാനും ആയിരുന്നു. പിതാവിനു പുത്രന്റെ നേർക്ക് അതിരറ്റ വാത്സല്യമുണ്ടായി. കുന്തളനും

അതുപോലെ തന്നെ അച്ഛന്റെ നേക്കു് അതിയായ ഭക്തിയും സ്നേഹവും കാണിച്ചു. കുന്ദളൻ ക്രമേണ രാജ്യവാസികളുടെ കണ്ണിലുണ്ണിയായിത്തീർന്നു.

അങ്ങനെയിരിക്കുമ്പോൾ ആസന്ധമിത്ര മരിച്ചുപോയി. അശോകൻ കുറേനാൾ ദുഃഖിച്ചിരുന്നു. അതിന്റെ ശേഷം ചക്രവത്തി തിഷ്യരക്ഷിത എന്ന സ്ത്രീയെ വിവാഹം കഴിച്ചു് സുഖമായി പാർത്തു. തിഷ്യരക്ഷിത വളരെ ദുസ്വഭാവിനിയായിരുന്നു. യൌവ്വനയുക്തയായ ആ സ്ത്രീ അല്പകാലത്തിനിടയിൽ ഭർത്താവിനെ സ്വാധീനപ്പെടുത്തി. നല്ലതായാലും ചീത്തയായാലും തിഷ്യരക്ഷിത വിചാരിച്ചാൽ സാധിക്കാത്ത കാര്യം ഒന്നും തന്നെ ഇല്ലാതായി. ദുഷ്ടയായ ആ സ്ത്രീയുടെ ദുസ്വഭാവം നാൾക്കുനാൾ വർദ്ധിച്ചുവന്നു.

അശോകനു് കുന്ദളനോടുള്ള സ്നേഹം തിഷ്യരക്ഷിതയുടെ മനസ്സിൽ ക്രമത്തിലധികം അസൂയ ജനിപ്പിച്ചു. രാജകുമാരനെ രാജധാനിയിൽനിന്നു് അയച്ചുകളയണമെന്നു് ആ സ്ത്രീ തീർച്ചയാക്കി. ഭാര്യയുടെ അപേക്ഷയെ നിരസിക്കാൻ അശോകനു ധൈര്യമുണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം തന്റെ പ്രിയപുത്രനെ തക്ഷശില എന്ന ദേശത്തിലെ ഭരണാധികാരിയായി അയച്ചു. കുന്ദ-

ളൻ യാത്രപറവാൻ ചെന്നപ്പോൾ അശോകൻ പുത്രന്റെ വേർപ്പാട് വിചാരിച്ച് ഒട്ടധികം വ്യസനിച്ചു. ചക്രവർത്തി ഇങ്ങനെ പറഞ്ഞു:—

"മകനേ നീ ഒട്ടും വ്യസനിക്കരുത്; നിനക്കു നല്ലതു തന്നെ വരും, സംശയമില്ല. എന്നാൽ എനിയ്ക്കു നിന്നോടൊരു കാര്യം പറവാനുണ്ട്. രാജ്യകാര്യസംബന്ധമായി നിനക്കു ഇവിടെനിന്നും പല എഴുത്തുകളും വരും. അതൊക്കെ എന്റെ ആജ്ഞകളാണോ എന്ന് നിശ്ചയപ്പെടുത്തിയശേഷം മാത്രമേ നീ അവയെ അനുസരിക്കാവൂ. അക്കാര്യം നീ നല്ലപോലെ സൂക്ഷിക്കണം. ഞാൻ അയയ്ക്കുന്ന എഴുത്തുകളിൽ എന്റെ പല്ലിന്റെ മുദ്ര കാണും; കേട്ടോ. ഈ സംഗതി രഹസ്യമായിരിക്കട്ടെ."

കുന്ദളൻ അവരനെത്തൊഴുത് യാത്രയായി. ഏതാനും ദിവസംകൊണ്ട് തക്ഷശിലയിൽ ചെന്നുചേരുകയും ചെയ്തു. രാജകുമാരൻ ആ രാജ്യാംശത്തെ ശരിയാകും വണ്ണം ഭരിച്ചു. ജനങ്ങൾ അദ്ദേഹത്തിന്റെ നന്മയേയും സാമർത്ഥ്യത്തേയും കൊണ്ടാടി. ഇങ്ങനെ കുറേക്കാലം കഴിഞ്ഞതിന്റെ ശേഷം ഒരുദിവസം കുന്ദളന്റെ പ്രധാനമന്ത്രിക്ക് രാജധാനിയിൽ നിന്നും അടിയന്തരത്തിൽ ഒരു കല്പന കിട്ടി. കുന്ദളന്റെ കണ്ണുകൾ ഉടനെ കുത്തി-

പ്പൊട്ടിക്കണമെന്നായിരുന്നു ആ കല്പന. എഴുത്തു വാ-
യിച്ച ഉടൻ മന്ത്രി പരിഭ്രമത്തിലായി.

കന്ദളൻ:—"എന്താ നിങ്ങടം ഇത്ര പരിഭ്രമിക്കു-
ന്നത്?"

മന്ത്രി:—"ഈ എഴുത്തു കണ്ടാൽ ആർക്കും പരിഭ്രമം
വന്നുപോകും. അങ്ങനെയുള്ള കാര്യമാണ്."

കന്ദളൻ:—"എന്താണത്. വേഗം പറകതന്നെ."

മന്ത്രി:—"എങ്ങനെ പറയുന്നു. എങ്ങനെ പറ-
യാതിരിക്കുന്നു. കഷ്ടം എനിക്കു ഇതിനൊക്കെ സംഗതി
വന്നെല്ലോ."

കന്ദളൻ:— "എന്താണിത്? സ്ത്രീകളെപ്പോലെ
വ്യസനിക്കുന്നോ. കാര്യം പറയു. നമുക്കെന്തെങ്കിലും
ഉപശാന്തി കണ്ടുപിടിക്കാം."

മന്ത്രി വളരെ വ്യസനത്തോടുകൂടി എഴുത്തിനെ
കന്ദളന്റെ കയ്യിൽ കൊടുത്തു. രാജകുമാരൻ എഴുത്തു
വായിച്ചു നോക്കീട്ട് ഇങ്ങനെ പറഞ്ഞു:—"അച്ഛന്റെ
കല്പനയല്ലേ. നിങ്ങടം ഉടൻതന്നെ അപ്രകാരം ചെ-
യ്യണം."

മന്ത്രി:—"ഇക്കാര്യത്തിൽ എനിക്കു ബലമായ
സംശയമുണ്ട്. ചക്രവർത്തി തിരുമനസ്സിലേയ്ക്ക് അവി-

ടത്തെ നേക്കുള്ള സ്ഥലം ഞങ്ങൾക്കെല്ലാപേക്കുമറിയാം. ഇങ്ങനെയൊരു കല്പന ഒരിക്കലും അവിടെനിന്നുണ്ടാകുന്നതല്ല. ഇതു് അയാടേയോ ചതിവാണു്."

കുന്ദളൻ:—"നിങ്ങൾക്കു സംശയമൊന്നും വേണ്ട. ഇതു് അച്ഛന്റെ തന്നെയാണു്. ഇതാ മുദ്രകാണുന്നു. ഇനി വെറുതെ താമസിക്കേണ്ട. കാര്യം ക്ഷണത്തിൽ നടക്കട്ടെ. ഞാനിതാ തയ്യാറായിരിക്കുന്നു."

ഇതുയും കേട്ടപ്പോൾ അവിടെ നിന്ന ജനങ്ങളെല്ലാം പൊട്ടിക്കരഞ്ഞു. മന്ത്രിയുടെ കണ്ണുകളിൽനിന്നു് ബാഷ്പം ധാരമുറിയാതെ വീണുതുടങ്ങി. ധീരനായ രാജകുമാരൻ പിതാവിന്റെ കല്പന ഉടൻതന്നെ നടത്തണമെന്നു് നിർബന്ധശാഠ്യം തുടങ്ങി. എന്നിട്ടും മന്ത്രിയും മറ്റുള്ള ഉദ്യോഗസ്ഥന്മാരും അതിനു വഴിപ്പെട്ടില്ല. അതുകൊണ്ടു കുന്ദളൻ ഒരു മ്ലേച്ഛനെ വരുത്തി അവനെക്കൊണ്ടു് തന്റെ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിപ്പിച്ചു. ഈ സംഭവം പുരവാസികൾക്കു കഠിനമായ വ്യസനത്തെ ഉണ്ടാക്കി. കുന്ദളന്റെ ഭാര്യയുടെ കഥ പറവാനുമില്ലല്ലൊ. ഭാഗ്യഹീനയായ ആ സ്ത്രീ കരഞ്ഞുകരഞ്ഞു് ബോധമില്ലാതെ കിടന്നു. എല്ലാം കർമ്മമാണെന്നു വിചാരിച്ചു കുന്ദളൻ സമാധാനപ്പെട്ടു.

അതിന്റെശേഷം കുന്ദളൻ ഭാര്യയോടുകൂടി തിരിച്ചു. സഹായത്തിനു് മറ്റാരുംതന്നെ ഉണ്ടായിരുന്നില്ല.

അവരുടെ കാലക്ഷേപം ഭിക്ഷയെടുത്തായിരുന്നു. ഇങ്ങ–
നെ നടന്നും പട്ടിണി കിടന്നും പലവിധേന കഷ്ടപ്പെട്ടും–
അവർ കരു വിധേന അശോകന്റെ തലസ്ഥാനമായ–
പാടലീപുത്രനഗരത്തിൽ ചെന്നുചേർന്നു. താൻ നിരപരാ–
ധിയാണെന്നു് ചക്രവർത്തിയെ ധരിപ്പിക്കണമെന്നായിരു–
ന്നു കുന്ദളന്റെ ആഗ്രഹം. അതുകൊണ്ടു് ഭാഗ്യഹീനരായ–
ദമ്പതിമാർ കൊട്ടാരവാതുക്കൽ ചെന്നു. കഷ്ടം രാജ്യത്തി–
നു അവകാശിയായ കുന്ദളൻ തന്റെ പ്രിയപിതാവിന്റെ–
കൊട്ടാരവാതുക്കൽ ഭിക്ഷക്കാരന്റെ നിലയിൽ നിന്നു.
അകത്തുകടക്കാൻ മാർഗ്ഗം കണ്ടില്ല. അതുകൊണ്ടു് അ–
ല്പൻ കേട്ടെങ്കിൽ കേൾക്കട്ടെ എന്നുവച്ചു് രാജകുമാരൻ–
ചില കീർത്തനങ്ങൾ പാടിത്തുടങ്ങി. ആ കീർത്തനങ്ങളി–
ലുള്ള ഭക്തിരസവും ഗായകന്റെ സ്വരമാധുര്യവും ക്രമേ–
ണ്ണ കൊട്ടാരവാതുക്കലുണ്ടായ സംഗീതം കേട്ടു–
നിന്നവരുടെ മനസ്സിനെ പാടേ അലിയിച്ചു. കുന്ദളന്റെ–
പാട്ടു് താൻ ആഗ്രഹിച്ചതുപോലെ ചക്രവർത്തി കേൾ–
ക്കാനിടയായി. പാട്ടുകേട്ട മാത്രയിൽത്തന്നെ അദ്ദേഹ–
ത്തിന്റെ മനസ്സിൽ പലവിധേനയുള്ള വിചാരങ്ങളു–
ണ്ടായി. അശോകൻ പരിചാരകനെ വിളിച്ചു പാട്ടുകാ–
രനെ കൂട്ടിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. കണ്ണും പൊടി–
ഞ്ഞു് ദേശാടനംകൊണ്ടു കറുത്തും പട്ടിണികിടന്നു മെ–
ലിഞ്ഞും ഉള്ള കുന്ദളൻ തപ്പിത്തപ്പി സ്വപിതാവിന്റെ

മുമ്പിൽ പ്രവേശിച്ചു. പാട്ടുകാരൻ തന്റെ പ്രിയപുത്രനാണെന്നു് അശോകനു് ദർശനമാത്രത്താൽ മനസ്സിലായി. പുത്രന്റെ അവസ്ഥകണ്ടു് വൃദ്ധനായ ചക്രവർത്തി വാവിട്ടു നിലവിളിച്ചു. മകനും പൊട്ടിക്കരഞ്ഞു. അതുകപ്പാടെ കൊട്ടാരത്തിനകത്തു് ഒരു വലിയ ബഹളമായി. കരച്ചിലെല്ലാം കഴിഞ്ഞു് അശോകൻ മകനെ അരികത്തണച്ചു് കാര്യങ്ങളെല്ലാം ചോദിച്ചുതുടങ്ങി.

കുണ്ടളൻ:—"എനിക്കും ആദ്യം വിശ്വാസംവന്നില്ല. ദന്തമാത്രകൊണ്ടാണു് അച്ഛന്റെ കല്പനയാണെന്നു"—ഞാൻ തിർച്ചപ്പെടുത്തിയതു്."

അശോകൻ:—"എന്റെ കണ്ണേ ഇതിനെല്ലാം ഇടവന്നല്ലോ, ഈ വയസ്സുകാലത്തു് ഇതാണല്ലോ എന്റെ അനുഭവം" എന്നു പറഞ്ഞു് ചക്രവർത്തി പിന്നെയും പിന്നെയും കരഞ്ഞു.

അതിന്റെശേഷം ഈ കഠോരമായ എഴുത്തിന്റെ ഉത്ഭവം എങ്ങിനെയാണെന്നു് അന്വേഷിച്ചുതുടങ്ങി. തിഷ്യരക്ഷിതയുടെ വഞ്ചനപ്രയോഗം എളുപ്പത്തിൽ വെളിപ്പെടുകയും ചെയ്തു. അവർ എഴുത്തെല്ലാം എഴുതിത്തയാറാക്കി താൻ കിടന്നുറങ്ങുന്ന സമയത്തു് ദന്തമാത്ര പതിച്ചതാണെന്നു് അശോകനു് മനസ്സിലായി. ചക്രവർത്തിയുടെ കോപം വാർദ്ധക്യത്തിന്റെ പൊയ്മുഷിക്കുറവിനെ-

ജയിച്ചു. അദ്ദേഹത്തിന്റെ കല്പനപ്രകാരം ഉഷ്ണയായ-തിഷ്യരക്ഷിതയേയും അവളുടെ നീചന്മാരായ സഹായി-കളേയും രാജഭടന്മാർ ജീവനോടെ ദഹിപ്പിക്കയും ചെയ്തു.

അനന്തരം ചക്രവർത്തി പുത്രന്റെ കണ്ണിനു് വീണ്ടും കാഴ്ചയുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുതുടങ്ങി. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ശാക്യമുനിയാൽ വിശുദ്ധമാക്കപ്പെട്ട മഹാബോധവൃക്ഷത്തിന്റെ സമീപ-ത്തുള്ള ഒരു സന്ന്യാസിമഠത്തിൽ ഘോഷൻ എന്ന പേ-രായി ഒരു ദിവ്യസന്ന്യാസിയുണ്ടെന്നു് അദ്ദേഹത്തിനറിവു കിട്ടി. അശോകൻ ഒട്ടും കാലതാമസംകൂടാതെ പുത്രനേ-യും കൊണ്ടവിടെ ചെന്നു് കണ്ണിനു കാഴ്ചയുണ്ടാക്കിക്കൊ-ടുക്കണമെന്നു് പ്രാർത്ഥിച്ചു. അടുത്തദിവസം താൻ ധർമ്മ-ത്തെക്കുറിച്ചു് പ്രസംഗിക്കുന്നതാണെന്നും അതു കേൾ-ക്കാൻ വരുന്നവരെല്ലാം ഓരോ പാത്രം കൂടി കൊണ്ടുവര-ണമെന്നും ആയിരുന്നു സന്ന്യാസിവര്യന്റെ മറുപടി. ഘോഷന്റെ പ്രസംഗം കേൾക്കാൻ സമീപദിക്കിലുള്ള സകല ജനങ്ങളും വന്നു. അവർ ഓരോരുത്തരും സന്ന്യാ-സി പറഞ്ഞതനുസരിച്ചു് പാത്രങ്ങളും കൊണ്ടുവന്നിട്ടു-ണ്ടായിരുന്നു. അനന്തരം ഘോഷൻ പ്രസംഗം ആരംഭി-ച്ചു. കേതിരസംകൊണ്ടു ശ്രോതാക്കളുടെ മനസ്സിളകി-

അവരുടെ നയനങ്ങളിൽനിന്നും അശ്രുക്കൾ പൊഴിഞ്ഞു. ഈ കണ്ണുനീർത്തുള്ളികളെല്ലാം അവരവർ കൊണ്ടുവന്നിട്ടുള്ള പാത്രങ്ങളിൽ വീണു. പ്രസംഗം അവസാനിച്ചശേഷം ഘോഷൻ ആ കണ്ണുനീരെല്ലാം വാങ്ങിച്ചു ഒരു സ്വർണ്ണപ്പാത്രത്തിൽ ഒഴിക്കുകയും ഏകാഗ്രതയോടുകൂടി കുറേനേരം പ്രാർത്ഥിച്ചശേഷം ആ സ്വർണ്ണപ്പാത്രം കന്ദളന്റെ കയ്യിൽ കൊടുക്കുകയും ചെയ്തു.

ഘോഷൻ:—"അല്ലയോ രാജകുമാരാ" മുമ്പോട്ടുവരികതന്നെ. ആ പാത്രത്തിലുള്ള ബാഷ്പജലംകൊണ്ടു് നിങ്ങളുടെ മുഖം കഴുകണം."

കന്ദളൻ മുമ്പോട്ടുവന്നു് ഭക്തിയോടുകൂടി മുഖം കഴുകി. ആ നിമിഷത്തിൽത്തന്നെ രണ്ടു കണ്ണിനും മുമ്പിലത്തെപ്പോലെ കാഴ്ചയുണ്ടാകയും ചെയ്തു.

സുൽത്താന്റെ അസൂയ

മൈസൂർരാജ്യത്തിൽ മഹമ്മദീയസാമ്രാജ്യം സ്ഥാപിച്ചതു് പ്രസിദ്ധനായ ഹൈദർ അലി ആയിരുന്നു. അദ്ദേഹം അയൽരാജ്യങ്ങളുമായി യുദ്ധങ്ങൾ നടത്തുന്നതിനിടയിൽ മലബാറിനേയും ആക്രമിച്ചിട്ടുണ്ടു്. അങ്ങനെ ആക്രമിച്ചിട്ടുള്ള അവസരങ്ങളിൽ അദ്ദേഹം മലബാറിൽനിന്നും അനേകം ജനങ്ങളെ പിടിച്ചു് അടിമകളാക്കുന്നതു് പതിവായിരുന്നു. ഒരിക്കൽ ഹൈദരാലി ചിറയ്ക്കൽതാലൂക്കിൽനിന്നും ഏതാനും പേരെ പിടിച്ചു് ബന്ധനത്തിൽ ആക്കി. ആ കൂട്ടത്തിൽ ചെറുപ്പക്കാരനായ ഒരു നമ്പ്യാരുമുണ്ടായിരുന്നു. മഹമ്മദീയന്മാർ അന്യമതക്കാരെ യുദ്ധത്തിൽ തോല്പിച്ചാൽ അവരെ ഒണ്ടിച്ചു് മഹമ്മദീയരാക്കുന്നതു് സാധാരണമായിരുന്നു. ആ നയം നമ്പ്യാരോടും പ്രയോഗിക്കയാൽ സാധുവായ നമ്പ്യാർ മഹമ്മദീയനായിത്തീർന്നു. അന്നുമുതൽ അയാളുടെ പേരു് ഷെയിക്ക് അയാസ്സ് എന്നായി. ഹൈദർഷെയിക്ക് അയാസ്സിനെ തന്റെ കൊട്ടാരത്തിൽ ഒരു ഭൃത്യനായി നിയമിച്ചു.

അയാസ്സിന്റെ സൌന്ദര്യവും ബുദ്ധിയും ചൊടിയും എല്ലാം കണ്ടു് ഹൈദർക്കു് അയാളോടു് വളരെ സ്നേഹം

തോന്നി. അയാസ്സിനു് വേഗത്തിൽ ഉദ്യോഗക്കയറ്റങ്ങളും ലഭിച്ചു. അയാൾ ഹൈദരോടൊന്നിച്ചു പല തവണയുദ്ധക്കളത്തിൽ പോയിട്ടുണ്ടു്. അപ്പോഴൊക്കെ അയാളുടെ ധൈര്യം കണ്ടു് ഹൈദർ മനഃപൂർവ്വമായി സന്തോഷിക്കും. എത്ര രഹസ്യമായ കാര്യവും ഹൈദർ അയാസ്സിനോടു പറയാൻ മടിച്ചില്ല. ചിലപ്പോൾ രാജ്യകാര്യങ്ങളിൽ പോലും ഹൈദർ തന്റെ വിശ്വസ്തനായഭൃത്യന്റെ അഭിപ്രായം ചോദിച്ചിരുന്നു. അയാസ്സിനു് കാലക്രമംകൊണ്ടു് വലിയ ഉദ്യോഗങ്ങൾ കിട്ടുവാനിടയായി.

അങ്ങിനെയിരിക്കുമ്പോൾ അയാസ്സിനെ ചിറ്റൽദുർഗ്ഗം എന്ന കോട്ടയുടെ അധിപനായി ഹൈദർ നിയമിച്ചു. ആ വസ്തുത മനസ്സിലായ ഉടൻതന്നെ അയാൾ ഹൈദരെ ചെന്നു കണ്ടു.

അയാസ്സു്:—"ദയാലുവായ അവിടുന്നു് എനിക്കു് ഈ വലിയ ഉദ്യോഗം തന്നിരിക്കുന്നു. എന്നാൽ അതു സംബന്ധിച്ചുള്ള ജോലികൾ ശരിയായി നടത്തുവാൻ എനിക്കു് അശേഷം ത്രാണിയില്ല."

ഹൈദർ:—"ത്രാണിയില്ലെന്നു് പറയുന്നതു് എന്തുകൊണ്ടാണു്."

അയാസ്സ്:—"എനിക്ക് എഴുത്താനും വായിക്കാനും-പോലും അറിയാൻ പാടില്ലല്ലോ. പിന്നെ എങ്ങിനെയാണ് രാജ്യകാര്യങ്ങളും നടത്തുന്നതു".

ഹൈദർ:—"നീ ഒരു സാധുതന്നെ. മഷിയും പേനയുംകൊണ്ട് കാര്യംവല്ലതും നടക്കുമോ. ഒരു കുതിരക്കച്ചവടി കയ്യിലിരുന്നാൽ അതുകൊണ്ട് വല്ല ഉപകാരമെങ്കിലും ഉണ്ടായേക്കാം. പേനയും മഷിയുംകൊണ്ട് അതുപോലും ഇല്ല. നീ എന്റെ നേക്ക ഭക്തിയോടുകൂടി ജോലിചെയ്താൽ മതി യാതൊരു തെറ്റും വരികയില്ല. എഴുത്തും വായനയും ഒക്കെ എന്തിന്?? ഞാൻ ഈ രാജ്യങ്ങളെല്ലാം കീഴടക്കിയതു എഴുത്തു പഠിച്ചിട്ടാണോ."

ഹൈദരാലിക്ക് തീരെ എഴുത്തറിഞ്ഞു കൂടായിരുന്ന എന്നുള്ളതു് പ്രിസ്ഥാമായ സംഗതിയാണ്.

ഹൈദരുടെ പുത്രനായ ടിപ്പു ചില കാര്യങ്ങളിൽ അബദ്ധം കാണിക്കാറുണ്ടായിരുന്നു. വല്ലതും തെറ്റുകണ്ടാൽ അച്ഛൻ മകനെ കഠിനമായി അധിക്ഷേപിക്കുന്നതും പതിവായിരുന്നു. ഒരിക്കൽ ശത്രുക്കളിൽനിന്നും അപഹരിച്ചെടുത്ത ചില സാമാനങ്ങളും ടിപ്പു ഒളിച്ചുവെച്ചിരുന്നതിനെ ഹൈദർ കണ്ടുപിടിച്ചു് മകനോടിങ്ങനെ പറഞ്ഞു.

"നീ കള്ളനെന്നു മാത്രമല്ല മഹാ മൂഢനുമാണ്. നീ ഈ സാമാനങ്ങളും ഒളിച്ചുവച്ചതു് എന്തു വിശ്വിത്ത-

മാണ്. എന്റെ കാലം കഴിഞ്ഞാൽ ഈ സാമാനങ്ങ–
ളെന്നു മാത്രമല്ല രാജ്യംപോലും നിനക്കല്ലെ കിട്ടുന്നത്.
നീ അതു വിചാരിച്ചില്ലല്ലോ. കഷ്ടം! നിന്റെ സ്വ–
ന്തത്തെ നീ മോഷ്ടിക്കുന്നു. മടയനായ നീ എന്റെ
പുത്രനായതു് ഈശ്വരേച്ഛ എന്നേ പറയാനുള്ളു. അ–
യാസ്സ് എന്റെ മകനായിരുന്നെങ്കിൽ എത്ര നന്നായി–
രുന്നേനെ.”

ഹൈദരുടെ ഇപ്രകാരമുള്ള വാക്കുകേട്ട് ടിപ്പുവിനു
അയാസ്സിന്റെ നേക്കു വലിയ അസൂയയുണ്ടായി. അ–
യാളോടുള്ള ശത്രുത ദിനംപ്രതി വർദ്ധിച്ചുവന്നു. കു–
ക്കാലം കഴിഞ്ഞു് ഹൈദർ മരിച്ചു; ടിപ്പുവിനു രാജ്യവും
കിട്ടി. അക്കാലത്തു ഷെയിക്കു് അയാസ്സ് ബഡ്നൂർ
എന്ന കോട്ടയുടെ അധിപനായിരുന്നു. ഷെയിക്കു് അ–
യാസ്സിനെ ഉടനെ വധിക്കണമെന്നു ടിപ്പുസുൽത്താൻ
വിശ്വസ്ഥനായ ഒരു ഉദ്യോഗസ്ഥന്റെ പേക്കെഴുതിയ–
യച്ചു. രാജാവിനു തന്നോടു വിരോധമാകയാൽ ആപ–
ത്തിൽനിന്നും രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങളെല്ലാം ഷെയി–
ക്കു് അയാസ്സ് കരുതിയിരുന്നു. തലസ്ഥാനത്തുനിന്നു
വരുന്ന ഉത്തരവുകൾ തന്നെക്കാണിക്കാതെ ആൾക്കും
കൊടുക്കരുതെന്നു മുമ്പുതന്നെ അയാൾ ഏർപ്പാടുവച്ചിരു–
ന്നു. ഈ ഉത്തരവുകൾ എഴുത്തറിയാവുന്ന ഒരാളെക്കൊ–

ണ്ടു വായിച്ചുകേൾക്കുന്നതും പതിവായിരുന്നു. അങ്ങനെയാണു് തന്നെ കൊന്നുകളയണമെന്നുള്ള ആജ്ഞ അയാസ്സു് മനസ്സിലാക്കിയതു്. ഈ എഴുത്തു വായിച്ചതു് ഒരു ബ്രാഹ്മണനായിരുന്നു. അയാൾ ഈ വിവരം വല്ലവരോടും പറഞ്ഞേക്കുമെന്നു ഭയന്നു് അയാസ്സു് ആ ബ്രാഹ്മണനെ തൽക്ഷണം വധിപ്പിച്ചു. അതിന്റെ ശേഷം അയാൾ ബഡ്ന്തൂർ കോട്ടയെ ടിപ്പുവിനോടുള്ള പക വീട്ടാനായി ഇംഗ്ലീഷുകാക്കു വിട്ടുകൊടുത്തു. സുൽത്താൻ ശത്രുവായ അയാസ്സിനെ ശിക്ഷിക്കുവാനായി ഒരു വലിയ സൈന്യത്തോടുകൂടി പുറപ്പെട്ടു. അതു മനസ്സിലാക്കിക്കൊണ്ടു ഷെയിക്കു അയാസ്സു് തലശ്ശേരിയിൽ ചെന്നു ഇംഗ്ലീഷുകാരുടെ അടുക്കൽ അഭയം പ്രാപിച്ചു. അവർ അയാസ്സിനെ സുൽത്താന്റെ കോപാഗ്നിയിൽ നിന്നും രക്ഷിക്കയും ചെയ്തു.

ഇംഗ്ലീഷുകാരും ടിപ്പുവുമായി അന്നു നടന്നുകൊണ്ടിരുന്ന യുദ്ധം കുറെക്കാലം കൊണ്ടവസാനിച്ചു. ഇരുകക്ഷിക്കാക്കും തമ്മിൽ സമാധാനവുമുണ്ടായി. അതിന്റെശേഷം ഷെയിക്കു അയാസ്സിനെ തന്റെ അധീനത്തിൽവിടണമെന്നു പറഞ്ഞു ഇംഗ്ലീഷുകാരെ സുൽത്താൻനിർബന്ധിച്ചുതുടങ്ങി. എന്നാൽ ഇംഗ്ലീഷുകാർ ഈ അപേക്ഷയെ നിരസിച്ചതേയുള്ളു. അയാൾ തങ്ങൾക്കാ—

യി കോട്ടയെ വിട്ടുകൊടുത്തതിനു സമ്മാനമായി ഇംഗ്ലീഷുകാർ അയാൾക്കു തക്കതായ അട്ടത്തുണ്ടു കൊട്ടത്തുമുതും വാങ്ങി സകല സുഖങ്ങളോടുകൂടി ഷെയിക്കു് അയാസ്സു് വളരെക്കാലം ജീവിച്ചിരുന്നു.

ലോകനാഥന്മാർ

ലോകപ്രസിദ്ധനായ തൈമൂർ രാജ്യഭാരമാരംഭിച്ച കാലത്തു തന്റെ പൂർവികന്മാരുടെ തലസ്ഥാനംപോലും ശത്രുക്കളുടെ അധീനത്തിലായിരുന്നു. യുവാവായ തൈമൂർ തന്റെ രാജ്യത്തെ പൂർവസ്ഥിതിയിൽ വരുത്തണമെന്നു വിചാരിച്ചു അതിനായി പരിശ്രമിച്ചു തുടങ്ങി. ഒരു ചെറിയ സൈന്യത്തെ ശേഖരിച്ചു് ആദ്യമേ തന്നെ തലസ്ഥാനപട്ടണത്തെ കൈവശമാക്കുവാൻ അദ്ദേഹം നിശ്ചയിച്ചു. ഈ ആഗ്രഹം ക്ഷണത്തിൽ സാധിച്ചുവെങ്കിലും കാലതാമസം കൂടാതെ ആ നഗരം രണ്ടാമതും ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടു. തൈമൂർ ശത്രുക്കളുടെ അടുക്കൽനിന്നും രക്ഷപ്പെട്ട പല സ്ഥലങ്ങളിലും സഞ്ചരിക്കുന്നതിനിടയിൽ ഒരു ദിവസം തന്റെ വളർത്തമ്മയുടെ ഗൃഹത്തിൽ ചെന്നു. അവർ തിളയ്ക്കുന്ന ചോറു ഒരു പി-

ഞ്ഞാണിൽ വിളമ്പി ടൈമൂറിനു കൊടുത്തു. വിശപ്പു കലശലായിരുന്നതിനാൽ ടൈമൂർ ബദ്ധപ്പെട്ടു പിഞ്ഞാണിന്റെ നടുക്കുനിന്നു് കുറെ ചോറുവാരി ഭക്ഷിക്കാൻ തുടങ്ങി. ചൂടു ക്രമത്തിലധികമായിരുന്നതുകൊണ്ടു് ടൈമൂറിന്റെ കയ്യു് പൊള്ളിപ്പോയി. ഇതു കണ്ടു നിന്നിരുന്ന വളത്തമ്മ ഉടനെ ഇപ്രകാരം പറഞ്ഞു.

"നീ ഒരു കായ്ത്തിലും മുൻകരുതലോടുകൂടി പ്രവർത്തിക്കയില്ല. പിഞ്ഞാണിന്റെ അരികിൽനിന്നു ചോറുവാരി ഉണ്ടിരുന്നെങ്കിൽ കൈ പൊള്ളുമായിരുന്നോ? അതാലോചിക്കാതെ നീ നടുക്കുനിന്നതന്നെ ചോറു വാരിയല്ലോ. ഇതുപോലെ തന്നെയാണു രാജ്യകാര്യങ്ങളിലും പ്രവർത്തിക്കുന്നതു്. നിന്റെ പൂർവീകന്മാരുടെ തലസ്ഥാനത്തിനുചുറുമുള്ള രാജ്യങ്ങൾ കൈവശത്താക്കാതെ ബദ്ധപ്പെട്ടു നീ മദ്ധ്യത്തിലുള്ള തലസ്ഥാനത്തെ പിടിക്കാൻ ശ്രമിച്ചു. അതുകൊണ്ടാണു് ഇപ്പോൾ വൈഷമ്യം നേരിട്ടിരിക്കുന്നതു്. ഇതിൽനിന്നും നീ ഒരു പാഠം പഠിക്കണം".

ഈ ഉപദേശം സാരവത്താണെന്നു ടൈമൂർ മനസ്സിലാക്കി.

അനന്തരം വളത്തമ്മയുടെ ഉപദേശമനുസരിച്ചു ടൈമൂർ തലസ്ഥാനത്തിനു ചുറുമുള്ള പ്രദേശങ്ങളെ ആദ്യം-

കൈവശപ്പെടുത്തി. അതിന്റെ ശേഷം തലസ്ഥാനവും പിടിച്ചടക്കി. ടൈമൂർ ഒരു മുടന്തനായിരുന്നു. എന്നിട്ടും അയൽ രാജ്യങ്ങളെ കീഴടക്കി സ്വരാജ്യത്തെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു. ഏഷ്യാഖണ്ഡത്തിലുള്ള അനേകം രാജ്യങ്ങളെ കൊള്ളചെയ്ത കൂട്ടത്തിൽ അദ്ദേഹം ഇൻഡ്യയിലും വന്നു ഡൽഹിയിലെ പഠാണിരാജാവിനെ തോല്പിച്ചു. ടൈമൂർ ഡൽഹിപട്ടണത്തെ കൊള്ളചെയ്തു എന്നു മാത്രമല്ല അവിടത്തെ ജനങ്ങളെ തന്റെ ഭടന്മാരുടെ ഖഡ്ഗങ്ങൾക്കിരയാക്കുകയും ചെയ്തു. ഏഷ്യയിലുള്ള സകല രാജാക്കന്മാരും ടൈമൂർ എന്നു കേട്ടാൽ വിറച്ചു തുടങ്ങി.

മുകിലനായ ടൈമൂറിന്റെ ശക്തി ഇങ്ങനെ വർദ്ധിച്ചുവരുമ്പോൾ ഓട്ടമൺ തുലുക്കന്മാരുടെ നാഥനായിട്ട് ബാജസ്സ് എന്നൊരു ശക്തിമാനായ രാജാവുണ്ടായിരുന്നു. അനേകരാജ്യങ്ങളെ പിടിച്ചടക്കി അയൽ രാജാക്കന്മാരോട് കപ്പംവാങ്ങി ബാജസ്സ് തന്റെ പ്രതാപത്തെ വർദ്ധിപ്പിച്ചു. ബലവാനായ ബാജസ്സിനെ പിടിച്ചടക്കിയാൽ തന്റെ കീർത്തി വർദ്ധിക്കുമെന്നു വിചാരിച്ചു ടൈമൂർ ഓട്ടമൺ തുലുക്കന്മാരുടെ രാജ്യത്തിലേക്കു തന്റെ സേനയെ നയിച്ചു. തുലുക്കന്മാരും മുകിലന്മാരും തമ്മിലുണ്ടായ ഘോരമായ യുദ്ധത്തിൽ ബാജസ്സിനു പരാജയം

സംഭവിച്ചു. അയാളെ തടവുകാരനാക്കി മകിലഭടന്മാർ ടൈമൂറിന്റെ മുമ്പിൽകൊണ്ടുവന്നു. ബന്ധനസ്ഥനായ രാജാവിനെ കണ്ടമാത്രയിൽ ടൈമൂർ പൊട്ടിച്ചിരിച്ചു. ഉടനേ ബാജസ്റ്റ് ഇപ്രകാരം പറഞ്ഞു. "ഹേ രാജാവേ എന്റെ നിർഭാഗ്യത്തെക്കണ്ടു് ഭവാൻ ചിരിക്കുന്നു. ദൈവത്തിന്റെ മറിമായങ്ങളാണു് മനുഷ്യരുടെ ഐശ്വര്യപ്രതാപങ്ങളും കഷ്ടാരിഷ്ടതകളും എന്നു് എല്ലാപേരും ഓർമ്മിക്കേണ്ടതാണു്. ഞാൻ ഇന്നു ഈ അപമാനം അനുഭവിക്കേണ്ടിവന്നു. നാളെ നിങ്ങൾക്കും ഇങ്ങനെ സംഭവിക്കയില്ലെന്നു് എങ്ങനെ അറിയാം." ഇതു കേട്ടു ടൈമൂർ ഇങ്ങനെ മറുപടി പറഞ്ഞു. "രാജ്യങ്ങളെ വർദ്ധിപ്പിക്കുന്നതും നശിപ്പിക്കുന്നതും ദൈവമാണെന്നു എനിക്കു നല്ലവണ്ണമറിയാം. ഞാൻ ചിരിച്ചതു നിങ്ങൾക്കു സംഭവിച്ചനിർഭാഗ്യത്തെപ്പറ്റി ആക്ഷേപിച്ചിട്ടല്ല. നിങ്ങളെ കണ്ടപ്പോൾ എന്റെ മനസ്സിലൊരു വിചാരമുണ്ടായി. അതെന്തെന്നാൽ വലിയ സാമ്രാജ്യങ്ങളെ ഭരിക്കാൻ നമ്മേപ്പോലെയുള്ളവരെ ദൈവം നിയോഗിച്ചിട്ടുള്ളതുകൊണ്ടാണു്. നിങ്ങൾ വിശ്വപതനും ഒറ്റക്കണ്ണനുമാണു്. ഞാൻ ഒരു മുടന്തനായ അല്പപ്രാണിയാണു്. ദൈവത്തിന്റെ കളി അതിശയനീയം തന്നെ."

ഒരു ധീരനായ യോദ്ധാവ്

പുരാതനകാലത്തിൽ തെക്കേ യൂറോപ്പിൽ വളരെ പ്രബലന്മാരായിരുന്ന രാജ്യക്കാർ റോമാക്കാരായിരുന്നു. റോമാക്കാരും വടക്കേ ആഫ്രിക്കയിലുള്ള പ്രബലന്മാരായിരുന്ന കാർത്തജീനിയന്മാരും തമ്മിൽ ദീർഘങ്ങളായ ഘോരയുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആദ്യത്തെ യുദ്ധത്തിൽ കാർത്തജീനിയന്മാർ തോറ്റു എന്നുമാത്രമല്ല തങ്ങളുടെ രാജ്യത്തിൽ അടങ്ങിയിട്ടുള്ള പല സ്ഥലങ്ങളേയും റോമാക്കാർക്കു കൊടുക്കേണ്ടതായും വന്നു. ഈ യുദ്ധത്തിൽ കാർത്തജീനിയന്മാരുടെ ഒരു നേതാവായിരുന്നതു ഹാമിൽക്കാർ ആയിരുന്നു. ഹാമിൽക്കാറിനു ഹാനിബാൾ എന്നു ലോകപ്രസിദ്ധനായ ഒരു പുത്രനുണ്ടായി. ഹാനിബാളിനു ഒൻപതു വയസ്സുള്ളപ്പോൾ ഹാമിൽക്കാർ ആ കുട്ടിയെക്കൊണ്ടു ഒരു ശപഥം ചെയ്യിച്ചു. ജീവനുള്ള കാലം മുഴുവനും റോമാക്കാരുടെ ശത്രുവായിരിക്കാമെന്നാണു് ബാലനായ ഹാനിബാൾ തന്റെ പിതാവിന്റെ താൽപര്യപ്രകാരം സത്യം ചെയ്തതു് ഈ ശപഥത്തിനെ നിറവേറുന്നതിനു് ഹാമിൽക്കാർ തന്റെ പുത്രനെ യുദ്ധാഭ്യാസം ചെയ്യിപ്പിച്ചു് അതിസമർത്ഥനാക്കിത്തീർത്തു.

ഹാമിൽക്കാറിന്റെ മരണശേഷം ഹാനിബാൾ കാർത്തജീനിയന്മാരുടെ സൈന്യത്തിന്റെ നേതാവായ ഉടൻതന്നെ സത്യമനസരിച്ചു റോമാക്കാരോട് യുദ്ധത്തിനു പുറപ്പെടുകയും ചെയ്തു. താനപ്പോൾ താമസിച്ചുകൊണ്ടിരുന്ന സ്പെയിൻ രാജ്യത്തിൽ നിന്നും റോമാക്കാരുടെ രാജ്യമായ ഇറാലിയിലേക്കു തിരിക്കുന്നതിനു മുമ്പു് ക്ഷേത്രത്തിൽ ചെന്നു് ഹാനിബാൾ നേർച്ചകടം കഴിക്കയും പണ്ടത്തെ ശപഥത്തെ വീണ്ടുമുറപ്പിക്കയും ചെയ്തു. ഇതിനുശേഷം ഒരു വലിയ സൈന്യത്തോടുകൂടി ഹാനിബാൾ ഇറാലിയിലേക്കു യാത്രതുടങ്ങി. ഇങ്ങനെ യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ ഹാനിബാൾ ഒരു സ്വപ്നം കണ്ടു. ദൈവം തന്റെ മുമ്പിൽ പ്രത്യക്ഷമായി ഇറാലിയെ ആക്രമിക്കാൻ ഹാനിബാളിനോടാജ്ഞാപിച്ചു. ഇറാലിയിലേക്കു വഴി കാണിച്ചുകൊടുക്കുവാനായി ഒരാളേയും അയച്ചുകൊടുത്തു. ഹാനിബാൾ ആ മനുഷ്യനെ പിൻതുടർന്നു. പുറകോട്ടു തിരിഞ്ഞുനോക്കരുതെന്നും അയാൾ ഹാനിബാളിനോടു പറഞ്ഞു. കുറേദൂരം നടന്നശേഷം ഹാനിബാൾ ഓക്കാതെ പുറകോട്ടു തിരിഞ്ഞുനോക്കിപ്പോയി. ദേഹമെല്ലാം സർപ്പങ്ങളാൽ ചുറ്റപ്പെട്ടിരുന്ന ഒരു സത്വത്തെയാണു് അയാൾ അപ്പോൾ കണ്ടതു്. ആ ഉഗ്രനായ ജന്തു തന്റെ വഴിയിൽക്കണ്ട സകല വസ്തുക്കളേയും നശിപ്പി-

ക്കുകയായിരുന്നു. അതെന്തു സത്യമാണെന്നു് ഹാനിബാൾ തന്റെ മാഗ്ഗർശിയോടു ചോദിച്ചു. ഇറവലിയുടെ നാശമാണെന്നു അയാൾ ഉത്തരം പറഞ്ഞു. ഇതായിരുന്നു ഹാനിബാളിന്റെ സ്വപ്നം.

വളരെ രാജ്യങ്ങളും വിസ്തീർണ്ണമായ നദികളും ദുർഗ്ഗമങ്ങളായ പർവതങ്ങളും കടന്നു ഹാനിബാൾ തന്റെ സൈന്യത്തോടുകൂടി ഇറവലിയിൽ എത്തി. റോമാക്കാരെ പലവിധത്തിലും അദ്ദേഹം തോല്പിച്ചു. ജയശീലന്മാരായ റോമാക്കാരുടെ ഇത്ര പരാജയങ്ങളെ കണ്ടിട്ടു് ലോകമെല്ലാം വിസ്മയിച്ചു ഹാനിബാളിന്റെ ബുദ്ധിശക്തിയേയും ധൈര്യത്തേയും എല്ലാവരും പ്രശംസിച്ചു.

ഇങ്ങനെ റോമാക്കാരുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഹാനിബാളും സൈന്യവും പർവതങ്ങൾക്കും സമുദ്രത്തിനും ഇടയ്ക്കുള്ള ഒരു സ്ഥലത്തു പാളയം അടിക്കേണ്ടിവന്നു. ആ സ്ഥലത്തുനിന്നും വെളിയിൽ കടക്കാൻ ആ പർവതത്തിലുള്ള ഒരു ഇടുങ്ങിയ വഴിമാത്രമേയുണ്ടായിരുന്നുള്ളു. ഈ ഇടവഴിയെ ഒരു വലിയ റോമാസൈന്യം ശ്രദ്ധയോടെ സൂക്ഷിച്ചിരുന്നു. ഹാനിബാൾ വലിയ പരുങ്ങലിലായി. റോമാക്കാരെ അവടെനിന്നും യുദ്ധംചെയ്തു ഓടിക്കുന്നതു് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ തന്റെ സൈന്യത്തെ ആ സ്ഥലത്തു—

നിന്നും വെളിയിൽ നയിച്ചില്ലെങ്കിൽ അവർ ഭക്ഷണസാധനങ്ങളില്ലാതെ കഷ്ടപ്പെടുകയും ചെയ്യും. അതിനാൽ റോമാക്കാരോടു യുദ്ധംചെയ്യാതെ തന്നെ അവരെ ആ പിടവിൽനിന്നും മാറുന്നതിനു ഹാനിബാൾ ഒരു തന്ത്രം പ്രയോഗിച്ചു. ആയിരത്തിലധികം കാളകളെ വരുത്തി അവയുടെ കൊമ്പുകളിൽ തുണി ചുറ്റി എണ്ണയുമൊഴിച്ചു രാത്രിയായപ്പോൾ കൊമ്പുകളിൽ തീ കത്തിച്ചു് ആ കാളകളെ അല്പം അകലെയുള്ള മലയിലേക്കു ഹാനിബാളിന്റെ ദേശക്കാർ ഓടിച്ചു. കൊമ്പുകൾ എരിയുന്ന വേദനകൊണ്ടു് ആ പാവപ്പെട്ട മൃഗങ്ങൾ ഓടുകയും ചാടുകയും ചെയ്യുവാൻ തുടങ്ങി. ഈ ബഹളംകണ്ടു് റോമാക്കാർ വിചാരിച്ചതു് ഹാനിബാളിന്റെ സൈന്യം പ്രാണരക്ഷയ്ക്കായി ആ മലയിലേക്കു് ഓടുന്നു എന്നായിരുന്നു. കാർത്തജീനിയൻ സൈന്യം ഇങ്ങനെ രക്ഷപ്പെടരുതെന്നു തീർച്ചപ്പെടുത്തി. ആ മലയിടുക്കു കാത്തുനിന്ന റോമൻ സൈന്യം ആ വെളിച്ചം കാണുന്നസ്ഥലത്തേക്കു നടന്നു തുടങ്ങി. ഇങ്ങനെ റോമാക്കാർ മലയിടുക്കു് ഉപേക്ഷിച്ചതു കണ്ടു് ഹാനിബാളും സൈന്യവും വേഗത്തിൽ അതിൽക്കൂടി കടന്നു രക്ഷപ്പെട്ടു.

അനേക വർഷക്കാലം ഹാനിബാൾ റോമാക്കാരോടു യുദ്ധംചെയ്തു. എന്നാൽ ഒടുവിൽ റോമാക്കാർ ഹാനി-

ബാളിനെ തോല്പിച്ചു. കാത്തജീനിയന്മാർ റോമാക്കാക്കു കീഴടങ്ങി. ഇതെല്ലാം കഴിഞ്ഞു ഹാനിബാൾ കുറെക്കാലം സ്വരാജ്യത്തു് സമാധാനമായി പാർത്തു.

എന്നാൽ റോമാക്കാക്കു ഹാനിബാളിനേയുള്ള ഭയം വിട്ടില്ല. ഹാനിബാളിനെ റോമിലേയ്ക്കയച്ചുകൊടുക്കണമെന്നു അവർ കാത്തിജീനിയന്മാരോടാവശ്യപ്പെട്ടു. ഈ സംഗതി ഹാനിബാൾ അറിഞ്ഞ ഉടനെ അയാൾ തന്റെ നാടുവിട്ടു ഓടിപ്പോയി.

ഇങ്ങിനെ സഞ്ചരിക്കുന്ന സമയത്തു് ഒരിക്കൽ ഹാനിബാൾ ഒരു ടീപിൽ ചെന്നു. അവിടത്തെ ഭരണാധികാരികളുടെ ഉദ്ദേശം തന്നെ പിടിച്ചു് റോമാക്കാക്കു കൊടുക്കുവാനാണെന്നു അദ്ദേഹം എങ്ങിനെയൊ മനസ്സിലാക്കി. ഒരു ദിവസം ഹാനിബാൾ അവരെ ഒരു വിരുന്നിനു ക്ഷണിച്ചു. അതിനായിട്ടു പന്തൽ കെട്ടാൻ അവരുടെ കപ്പലുകളുടെ കപ്പൽപ്പായയും കയറും വേണമെന്നു ഹാനിബാൾ ആവശ്യപ്പെട്ടതനുസരിച്ചു അവർ അവയെല്ലാം കൊടുത്തു. ഹാനിബാൾ ഒരു വിശേഷമായ പന്തൽ കെട്ടി അതിനകത്തുപെട്ടു് ഒരു വിരുന്നുകൊടുത്തു. തന്റെ അതിഥികളെ വളരെ ലഹരിയുള്ള മദ്യങ്ങൾ കുടിപ്പിച്ചു മയക്കിയിട്ടു് ഹാനിബാൾ ആ രാത്രിതന്നെ തുറമുഖത്തുചെന്നു ഒരു കപ്പലിൽക്കയറി അവിടെ-

നിന്നും രക്ഷപ്പെട്ടു. നേരം പുലർന്നപ്പോൾ ആ കപ്പൽക-
ച്ചവടക്കാർ ഹാനിബാളിനെക്കാണാഞ്ഞതുകൊണ്ടു അ-
യാളെ അന്വേഷിക്കാനായി നാലുവഴിക്കും കപ്പലയക്കാ-
മെന്നു നിശ്ചയിച്ചു. എന്നാൽ കപ്പൽപ്പായയും കയറുകളും
പന്തലിൽ കെട്ടിയിരുന്നതുകൊണ്ടു അതിനെയെല്ലാം
അഴിച്ചെടുത്തു് കപ്പലിലാക്കുന്നതിനു വളരെ താമസം
വേണ്ടിവന്നു. ഈ സമയംകൊണ്ടു ഹാനിബാളിന്റെ
കപ്പൽ വളരെ ദൂരത്തിലായിപ്പോകയും ചെയ്തു.

ഇങ്ങനെ പല സ്ഥലങ്ങളിലും ഹാനിബാൾ കുറേ
കാലം സഞ്ചരിച്ചു. റോമാക്കാർ പ്രബലന്മാരായതുകൊ-
ണ്ടു അവരെ ഭയന്നു ഒരു രാജ്യക്കാരും അധികംനാൾ
ഹാനിബാളിനു രക്ഷകൊടുത്തില്ല. റോമാക്കാർ താൻ
അഭയം പ്രാപിച്ചിരുന്ന ഓരോ രാജ്യക്കാരോടും തന്നെ
വിട്ടുകൊടുക്കണമെന്നു ചോദിക്കുന്നതായറിഞ്ഞാൽ ഉടൻ
തന്നെ ഹാനിബാൾ അവിടെ നിന്നും ഓടി രക്ഷപ്പെടും.
ഇങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അദ്രേ-
ഹം ക്രീറ്റ് എന്ന ദ്വീപിൽ ചെന്നെത്തി. അവിടെ
ഉള്ളവർ തന്റെ ധനത്തെ തട്ടിപ്പറിക്കുവാൻ നിശ്ചയി-
ച്ചിരിക്കുന്നുവെന്നു ഹാനിബാളിനു മനസ്സിലായി. ഉടനെ
കുറെ ഭരണികളിൽ ഈയ്യം നിറച്ചു് അതിനു മീതെ
മാത്രം സ്വർണ്ണവും വെള്ളിയും ചിതറി അതെല്ലാം അവി-

ടെയുള്ള ഒരു ക്ഷേത്രത്തിൽ നിക്ഷേപിച്ചു. തന്റെ ധന-ത്തെയൊക്കെ ഹാനിബാൾ കുറെ വിഗ്രഹങ്ങളുടെ അക-ത്താക്കിച്ചു തന്നോടുകൂടി കൊണ്ടുപോന്നു. ക്രീറ്റിൽ ഉള്ള വർ ഭരണികളിലാണു് ഹാനിബാളിന്റെ ധനമിരിക്കു-ന്നതെന്നു വിചാരിച്ചു് ഈ വിഗ്രഹങ്ങളെ അവിടെ നി-ന്നും കൊണ്ടുപൊയ്ക്കൊള്ളുന്നതിനു് ഹാനിബാളിനു് അനുവാദം കൊടുത്തു.

ഒരു സ്ഥലത്തും തനിക്കു താമസിക്കാൻ വഹിയാ-തെയായപ്പോൾ ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടുന്നതിനേ-ക്കാൾ മരിക്കുന്നതു തന്നെ നല്ലതെന്നു് ആ ധീരപുരുഷൻ നിശ്ചയിച്ചു. ആരെങ്കിലും വന്നു പിടിക്കുന്നപക്ഷം ഉടൻ മരിക്കാനായി അദ്ദേഹം തന്റെ മോതിരത്തിൽ വിഷം അടച്ചു വെച്ചിട്ടുണ്ടായിരുന്നു. ഒടുവിൽ ബിത്തി-നിയാരാജ്യത്തിൽവെച്ചു റോമാക്കാരുടെ ചാരന്മാർ ഹാ-നിബാൾ താമസിക്കുന്ന കെട്ടിടത്തെ വളഞ്ഞു. ഉടനെ വിഷം ഭക്ഷിച്ചു് മഹാനായ ഹാനിബാൾ മരിക്കുകയും ചെയ്തു.

ഉദാരനായ ജേതാവു്

മാസിഡോണിയായിലെ രാജാവായ പ്രസിദ്ധനായ അലക്സാണ്ഡർമഹാൻ ബാല്യത്തിലെ തന്നെ വളരെ ചൊടിയും ബുദ്ധിശക്തിയും ധൈര്യവും ഉള്ള ആളായിരുന്നു. അലക്സാണ്ഡർ കുട്ടിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവായ ഫിലിപ്പു് അനേകം അയൽരാജ്യങ്ങളെ കീഴടക്കി. പിതാവിന്റെ തുടരെത്തുടരെയുള്ള വിജയം കണ്ടു് അലക്സാണ്ഡക്കു സന്തോഷമല്ല സന്താപമാണുണ്ടായതു്. തന്റെ സ്നേഹിതന്മാരായ കുട്ടികളോടു അലക്സാണ്ഡർ ഇപ്രകാരം പറയുകയുണ്ടായി. "എന്റെ അച്ഛൻ എല്ലാരാജ്യങ്ങളും പിടിച്ചടക്കുന്നു. അവസാനത്തിൽ ഞാൻ രാജാവാകുമ്പോൾ എനിക്കു പിടിച്ചടക്കുവാൻ ഒരു രാജ്യവും കാണുകയില്ല."

ഒരിക്കൽ ഒരാൾ ഒരു കുതിരയെ വിൽക്കാനായി ഫിലിപ്പിന്റെ അടുക്കൽ കൊണ്ടുവന്നു. അതിന്റെ പുറത്തു കയറി ഓടിച്ചു് കുതിര നല്ലതാണോ എന്നു പരീക്ഷിക്കുവാൻ ഫിലിപ്പു് തന്റെ ഭൃത്യന്മാരോടാജ്ഞാപിച്ചു. എന്നാൽ കുതിരസ്സവാരി നല്ല പരിചയമുള്ള ഭൃത്യന്മാക്കും പ്രഭുക്കന്മാക്കും കൂടി ഈ കുതിരയുടെ പുറത്തു

കയറുവാൻ സാധിച്ചില്ല. അതിനായി ശ്രമിച്ച എല്ലാ പേരേയും കുതിര തള്ളി താഴെ ഇട്ടു. പിണക്കക്കാരൻ കുതിര തനിക്കാവശ്യമില്ലെന്നു് രാജാവു പറഞ്ഞു. അലക്സാണ്ഡർ അതു കേട്ടുകൊണ്ടു അടുത്തുതന്നെ നിന്നിരുന്നു. അലക്സാണ്ടർ:—"കുതിര വേണ്ടെന്നു വെയ്ക്കണ്ട. അച്ഛൻ അതു വാങ്ങിക്കണം പഴക്കുന്നതു് ഞാനായി."

ഫിലിപ്പ്:—"നീയാണോ പഴക്കാൻ പോകുന്നതു്! വളരെ മുപ്പും സാമർത്ഥ്യവുമുള്ള വക്കീക്കുടി അതിനെ പഴക്കുവാൻ വഹിയാ. പിന്നെയാണോ നീ."

അലക്സാണ്ഡർ:—"അച്ഛൻ ഇതിനെ പഴക്കാൻ എന്നെ അനുവദിക്കണം. എനിക്കതു സാദ്ധ്യമായില്ലെങ്കിൽ ഞാൻ ആ കുതിരയുടെ വില തന്നേയ്ക്കാം"

ഫിലിപ്പ്:—"എന്നാൽ നീ കുതിരപ്പുറത്തു കയറി ഓടിക്കു്. ഞാൻ കാണട്ടെ"

ഉടനെ അലക്സാണ്ഡർ ഓടി കുതിരയുടെ അടുക്കൽ ചെന്നു് അതിന്റെ കടിഞ്ഞാണിൽ പിടിച്ചു് അതിനെ സൂര്യനു അഭിമുഖമായി നിറുത്തി. കുതിര ഇതുവരെ പരിഭ്രമിച്ചു ആളുകളെ തള്ളിയിട്ടതു് അതിന്റെ ഛായയെ കണ്ടു ഭയപ്പെട്ടിട്ടായിരുന്നു. ഇതു് അലക്സാണ്ഡർക്കു മനസ്സിലായതുകൊണ്ടാണു് അദ്ദേഹം കുതിരയെ സൂര്യനു അഭിമുഖമായി നിറുത്തിയതു്. ഇങ്ങനെ നിറുത്തിയാൽ

ക്ഷായ അതിന്റെ പിന്നിൽ വീഴുന്നതുകൊണ്ട് കുതിര യേപ്പോൻ ഇടയില്ല. അതിന്റെ ശേഷം അലക്സാ-ണ്ടർ സാവധാനത്തിൽ കുതിരപ്പുറത്തു കയറി കുറേദൂരം ഓടിച്ചു. ഇതുകണ്ടു് അവിടെ കൂടിയിരുന്ന ജനങ്ങളെ-ല്ലാം വളരെ അതിശയിച്ചു. ഫിലിപ്പിന്റെ സന്തോഷം ഇത്രമാത്രമെന്നു പറയാതെതന്നെ അറിയാമല്ലോ. കുതി-രയെ അവിടെ ഒക്കെ ഓടിച്ചു് അതു നല്ലവണ്ണം ക്ഷീ-ണിച്ചശേഷം അലക്സാണ്ടർ പുഞ്ചിരിയിട്ടുംകൊണ്ടു പി-താവിന്റെ മുമ്പിൽ വന്നു.

ഫിലിപ്പു് മകനെ ആലിംഗനം ചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു. "മകനെ നീ വേറെ രാജ്യമന്വേഷി-ക്കണം. പരാക്രമിയായ നിനക്കു് മാസിഡോണിയാരാജ്യം വളരെ ചെറുതായിപ്പോയി" ഇങ്ങനെ പറഞ്ഞു. ഫിലി-പ്പു് കുതിരയെ വിലകൊടുത്തു വാങ്ങി മകനു സമ്മാന-മായി കൊടുത്തു. ആ കുതിരയുടെ പേർ ബ്യൂസിഫാല-സ്സു് എന്നായിരുന്നു. ബ്യൂസിഫാലസ്സിന്റെ പുറത്തു കയ-റിയാണു് അലക്സാണ്ടർ യുദ്ധങ്ങൾക്കു പോയിട്ടുള്ള-തു്. അദ്ദേഹത്തിനു് കുതിരയോടു വലിയ വാത്സല്യവും അതിനു തന്റെ യജമാനനോടു അതിശയനീയമായ കേതിയും ഉണ്ടായിരുന്നു ബ്യൂസിഫാലസ്സു് ചത്തപ്പോൾ അലക്സാണ്ടർ അത്യന്തം ദുഃഖിച്ചു.

അലക്സാണ്ടർ ഗ്രീസ്സുരാജ്യത്തെ പിടിച്ചടക്കിയപ്പോൾ അവിടെ ഡയോജനീസ്സ് എന്നൊരു പ്രസിദ്ധതത്വജ്ഞാനി ഉണ്ടെന്നു അദ്ദേഹത്തിനു അറിവുകിട്ടി. തത്വജ്ഞാനി സുഖാനുഭവങ്ങളെ തുച്ഛമായി ഗണിച്ചിരുന്നു. ഗ്രീസ്സിലെ മറ്റുള്ള തത്വജ്ഞാനികളെല്ലാവരും അലക്സാണ്ഡരെ പൊന്നു കണ്ടു. എന്നാൽ ഡയോജിനിസ്സ് അദ്ദേഹത്തെ കാണ്മാൻ പോയില്ല. ഇങ്ങനെ ലൌകികമെല്ലാം ത്യജിച്ചിരിക്കുന്ന ദിവ്യപുരുഷനെ കാണേണ്ടതാണെന്നു വിചാരിച്ചു അലക്സാണ്ഡർ ഡയോജനിസ്സ് താമസിച്ചിരുന്നേടത്തു ചെന്നു. അപ്പോൾ ആ തത്വജ്ഞാനി വെയിൽകാഞ്ഞുംകൊണ്ടു നിലത്തു കിടക്കുകയായിരുന്നു. അലക്സാണ്ഡരെ കണ്ടിട്ടു അദ്ദേഹം കണ്ഭാവംപോലും വച്ചില്ല. അലക്സാണ്ഡർ തത്വജ്ഞാനിയുടെ അടുത്തുചെന്നു് "ഹേ, ഡയോജിനിസ്സേ! നിങ്ങൾക്കു് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാൻ അതു സാധിച്ചുതരാം. എന്തുവേണമെന്നു പറയൂ". ഡയോജനിസ്സ് എന്നിട്ടും മിണ്ടാതിരുന്നതേയുള്ളൂ.

രാജാവു വീണ്ടും ചോദിച്ചു.

ഡയോ:—"സൂര്യനെ മറയ്ക്കാതെ മാറിനിന്നാൽ മാത്രം മതി." ഈ ഉത്തരം കേട്ടിട്ടു് അലക്സാണ്ഡരുടെ മനസ്സിൽ അധികമായ സന്തോഷവും അതിശയവും ഉണ്ടായി.

അല:—"ഞാൻ അലക്സാണ്ഡരല്ലായിരുന്നുവെങ്കിൽ എനിക്കു് ഡയോജനിസ്സായി ജനിക്കാൻ ആഗ്രഹമുണ്ടു്."

വിക്രമിയായ ഈ ചക്രവത്തി ഏഷ്യാഖണ്ഡത്തെ ആക്രമിച്ചു അടക്കിക്കൊണ്ടു വരുന്നവഴിയിൽ അദ്ദേഹം ഗോർഡിയം എന്ന പട്ടണത്തിൽ എത്തി. അവിടെ ഉണ്ടായിരുന്ന ഒരു വലിയ രഥത്തിന്റെ കാര്യം അന്നു ലോകം മുഴുവൻ പ്രസിദ്ധമായിരുന്നു. ആ രഥത്തിന്റെ നുകം അഴിച്ചെടുക്കുന്നവൻ ലോകജേതാവാകുമെന്നു പണ്ടേ തന്നെ ഒരു അശരീരിവാക്കുണ്ടായിട്ടുണ്ടു്. ഈ കഥ കേട്ട മാത്രയിൽ അലക്സാണ്ഡർ ആ രഥത്തിന്റെ സമീപത്തു ചെന്നിട്ടു ആ കെട്ടിനെ അഴിക്കുവാൻ ശ്രമിച്ചു. കഴിയുന്നതും ശ്രമിച്ചിട്ടും അദ്ദേഹത്തിനു അതിനെ അഴിക്കുവാൻ സാധിച്ചില്ല. ഒടുവിൽ കോപത്തോടുകൂടി തന്റെ ഖഡ്ഗത്തെക്കൊണ്ടു ആ കെട്ടിനെ അറുത്തു. നുകത്തെ വേർപെടുത്തണമെന്നായിരുന്ന അശരീരിവാക്കിന്റെ സാരം. അഴിക്കാൻ സാധിക്കാഴികയാൽ അലക്സാണ്ഡർ കെട്ടിനെ അറുത്തു. അതിനുള്ള ആലോചനാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഇതു ബുദ്ധിമാനായ രാജാവിനു ലോകമൊക്കെ ജയിക്കാൻ കഴിഞ്ഞതിൽ എന്തത്ഭുതമാണുള്ളതു്?

വിസ്തീർണ്ണമായ പെർസ്യാ സാമ്രാജ്യം പിടിച്ചടക്കിയതിന്റെ ശേഷം അലക്സാണ്ഡർ ഇൻഡ്യയെ ആക്ര-

മിച്ചു. അന്നു സിന്ധുനദീതീരത്തിൽ പുരുഷോത്തമനെ ന്നൊരു രാജാവുണ്ടായിരുന്നു. പുരുഷോത്തമൻ യുദ്ധത്തിൽ തോൽക്കയാൽ ഭടന്മാർ പുരുഷോത്തമനെ പിടിച്ചുകെട്ടി അലക്സാണ്ഡരുടെ മുമ്പിൽ കൊണ്ടുനിറുത്തി.

അലക്സാണ്ഡർ:—"നിങ്ങളെ എന്തുചെയ്യണമെന്നാണു് നിങ്ങടം പറയുന്നതു്?"

പുരുഷോ:—"ഒരു രാജാവിനെപ്പോലെ എന്നെ വിചാരിക്കണം." ഔദാര്യശീലനായ അലക്സാണ്ഡർ ഈ ധൈര്യമായ മറുപടി കേട്ടു സന്തോഷിച്ചു" പുരുഷോത്തമനെ അയാളുടെ രാജ്യത്തിൽ വീണ്ടും രാജാവാക്കിയതു കൂടാതെ അടുത്തുള്ള ചില രാജ്യങ്ങളും കൂടി കൈവശപ്പെട്ടുത്തിക്കൊടുത്തു.

അനന്തരം മാളവർ എന്ന ഹിന്ദുജാതിക്കാരെ പിടിച്ചടക്കിയശേഷം അലക്സാണ്ഡർ പത്തു ബ്രാഹ്മണരെ തടവുകാരായി പിടിച്ചു. ഇവർ അലക്സാണ്ഡർ കീഴടക്കിയ ഹിന്ദുരാജ്യങ്ങളിലുള്ള ജനങ്ങളെ യുദ്ധത്തിനു പ്രേരിപ്പിച്ചവരാണെന്നു് അലക്സാണ്ഡർ മനസ്സിലാക്കിയിരുന്നു.

അല:—"നിങ്ങടം ഈ രാജ്യവാസികളെയൊക്കെ എന്നോടു യുദ്ധംചെയ്വാൻ പ്രേരിപ്പിച്ചതുകൊണ്ടു നിങ്ങടംക്കു മരണശിക്ഷതന്നെ തരേണ്ടതാണു്. എന്നാൽ

ടയവായി ആലോചിച്ചു ജീവനെ രക്ഷിക്കാൻ നിങ്ങൾക്ക് ഒരു മാർഗ്ഗം തരാം. ഞാൻ നിങ്ങളിൽ ഓരോരുത്തരോടും ഓരോ ചോദ്യം ചോദിക്കും. എല്ലാം ശരിയായി ഉത്തരം പറഞ്ഞാൽ നിങ്ങൾ രക്ഷപ്പെട്ടും. തെറ്റായി ഉത്തരം പറയുന്നവരിൽ ആദ്യത്തേവനെ ഞാൻ കൊല്ലും. പിന്നീടു ശേഷമുള്ളവരേയും കൊല്ലും."

ഉത്തരങ്ങൾ ശരിയോ തെറ്റോ എന്നു നിശ്ചയിക്കുന്നതിനു അവരിൽ ഏറ്റവും വയസ്സുമൂപ്പുള്ളയാളെത്തന്നെ അലക്സാണ്ടർ നിയമിച്ചു. അലക്സാണ്ഡരുടെ ചോദ്യവും ബ്രാഹ്മണരുടെ ഉത്തരവും ഇപ്രകാരമായിരുന്നു.

ഒന്നാമത്തെ ബ്രാഹ്മണനോടുള്ള ചോദ്യം—"മരിച്ചവരോ ജീവിച്ചിരിക്കുന്നവരോ അധികമുള്ളതു?"

ഉത്തരം—"ജീവിച്ചിരിക്കുന്നവർ തന്നെ. എന്തെന്നാൽ മരിച്ചവർ ഇല്ലാണ്ടായിപോകുന്നല്ലൊ."

രണ്ടാമത്തെ ചോദ്യം—"സമുദ്രത്തിലോ ഭൂമിയിലോ ഏറ്റവും വലിയ ജന്തുക്കളുള്ളതു."

ഉത്തരം—"ഭൂമിയിൽ. എന്തെന്നാൽ സമുദ്രം ഭൂമിയുടെ ഒരു അംശം മാത്രമേ ആകുന്നുള്ളൂ"

മൂന്നാമത്തെ ചോദ്യം—"ജന്തുക്കളിൽവച്ചു ഏറ്റവും കൌശലമുള്ളതു ഏതാണു"?

ഉത്തരം—മനുഷ്യക്ക് ഇതുവരെ അറിയാൻപാടില്ലാത്ത ജന്തുവാണ്.

നാലാമത്തെ ചോദ്യം—"താൻ തന്റെ രാജാവിനെ എന്നോട് വീണ്ടും യുദ്ധംചെയ്യുന്നതിനു പ്രേരിപ്പിക്കുവാൻ കാരണമെന്തു?"

ഉത്തരം—"എന്റെ മാതാവു് മാനത്തോട് ജീവിക്കണം എന്നു വിചാരിച്ചുകൊണ്ടാണു്."

അഞ്ചാമത്തെ ചോദ്യം—പകലോ രാത്രിയോ ഏറ്റവും പഴയതു്?"

ഉത്തരം—"പകൽ". അലക്സാണ്ടർ ഇതു കേട്ടിട്ടു മനസ്സിലായില്ലാ എന്നു പറഞ്ഞപ്പോൾ ആ ബ്രാഹ്മണൻ ഇപ്രകാരം പറഞ്ഞു—"പ്രയാസമുള്ള ചോദ്യത്തിനു പ്രയാസമുള്ള ഉത്തരം."

ആറാമത്തെ ചോദ്യം—"ഒരു മനുഷ്യനു് അന്യരുടെ സ്നേഹം സമ്പാദിക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം എന്താണു്."

ഉത്തരം—വളരെ അധികമുണ്ടെങ്കിലും അന്യർക്കു് അതുകൊണ്ടു് ഭയമുണ്ടാകാൻ ഇടയാക്കരുതു്"

ഏഴാമത്തെ ചോദ്യം:—"മനുഷ്യനു് ദൈവമാകാനുള്ള മാർഗ്ഗമെന്തു?

ഉത്തരം:—"മനുഷ്യനാൽ സാധിക്കാൻ വഹിയാത്തകൃത്യത്തെ ചെയ്യുക."

എട്ടാമത്തെ ചോദ്യം:—"ജീവനോ മരണമേ ഏറ്റവും ബലമുള്ളത്?"

ഉത്തരം:—"ജീവൻ; എന്തെന്നാൽ ജീവിച്ചിരിക്കുമ്പോൾ അസംഖ്യം കഷ്ടതകൾ നാം സഹിക്കുന്നല്ലോ."

ഒടുവിലത്തെ ചോദ്യം:—"മനുഷ്യൻ എത്രകാലം ജീവിച്ചിരിക്കുന്നതാണ് നല്ലത്?"

ഉത്തരം:—"മരണത്തെ ജീവനെക്കാളും നല്ലതെന്നു വിചാരിക്കുന്നതുവരെ."

അലക്സാണ്ടർ:—"ഇപ്പോൾ ആരാണ് തെറ്റായി ഉത്തരം പറഞ്ഞത്?"

ബ്രാഹ്മണൻ:—"എല്ലാവരുംകൂടി കാരോരുത്തനെക്കാളും തെറ്റായിട്ടാണ് ഉത്തരംപറഞ്ഞത്."

അല:—"ഇതാണ് താൻറ തീരുമാനമെങ്കിൽ തന്നെ ഞാൻ ആദ്യം വധിക്കും."

ബ്രാഹ്മണൻ:—അവിടുന്ന് അങ്ങിനെ ചെയ്യുന്നതു ആദ്യം പറഞ്ഞ വാക്കിനു വിപരീതമാണ്. അവിടുന്നു പറഞ്ഞിട്ടുള്ളത് ഏറ്റവും തെറ്റായി ഉത്തരം പറഞ്ഞവനേ മാത്രമേ ആദ്യം കൊല്ലുകയുള്ളു എന്നാണ്."

ബുദ്ധിമാന്മാരായ ബ്രാഹ്മണരുടെ ഉത്തരങ്ങൾ കേട്ടു സന്തോഷിച്ച് അലക്സാണ്ടർ അവർക്കെല്ലാവർക്കും സമ്മാനങ്ങൾ കൊടുത്തു അവരുടെ രാജ്യത്തേക്ക് അയച്ചു.

ഒരു പരീക്ഷണം

നാനൂറു വർഷങ്ങൾക്കുമുമ്പു് തെക്കേ അമേരിക്കയിൽ പെറു എന്നൊരു സാമ്രാജ്യമുണ്ടായിരുന്നു പെറുവിലെ രാജാക്കന്മാരേയും രാജവംശത്തിലുള്ളവരേയും ഇങ്കാസ്സു് എന്നാണു വിളിച്ചുവരുന്നതു്. പെറുവിൽ സ്വർണ്ണവും വെള്ളിയും ധാരാളമുണ്ടായിരുന്നു എന്നാലും കിലും ഇരുമ്പു വളരെ ദുർല്ലഭമായിരുന്നു. അവിടത്തെ ജനങ്ങൾക്കു കെട്ടിടങ്ങൾ കെട്ടുന്നതിലും കൃഷിചെയ്യുന്നതിലും, കന്നുകാലികളെ വളർത്തുന്നതിലും വളരെ സാമർത്ഥ്യമുണ്ടായിരുന്നു. പെറുവിലുള്ള സൂര്യക്ഷേത്രം ലോകപ്രസിദ്ധിമായ ഒരു കെട്ടിടമാണു്. ഇങ്കാസ്സുരാജാക്കന്മാർ ഭരണതന്ത്രത്തിൽ വളരെ നിപുണന്മാരായിരുന്നു. പെറു രാജ്യവാസികൾ ഇങ്ങനെ പരിഷ്കാരം സിദ്ധിച്ചവരായിരുന്നുവെങ്കിലും അക്ഷരങ്ങളുടെ അറിവു അവക്കില്ലായിരുന്നു. അക്ഷരങ്ങൾ എഴുതുന്നതിനു പകരം പലനിറത്തിലുള്ള ചരടുകളെക്കൊണ്ടു തങ്ങളുടെ വിചാരങ്ങളെ മനസ്സിലാക്കിയിരുന്നു. അവരുടെ റിക്കാർട്ടുകളെല്ലാം ഈ പല നിറത്തിലുള്ള ചരടുകൾകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി ഒരു വെളുത്ത ചരടു രണ്ടു യാക്കുകളെ സൂചിപ്പിച്ചു് അവ "വെള്ളിയും" "സമാധാനവും" ആണു്.

ഇങ്ങനെ പെറുവിലുള്ള ജനങ്ങൾ കാലം കഴിച്ചു വരുമ്പോൾ, യൂറോപ്യന്മാർ അമേരിക്കയിൽ പ്രവേശിച്ചുതുടങ്ങി. സ്പെയിൻ ദേശക്കാർ പിസ്സാറോ എന്ന കപ്പിത്താന്റെ കീഴിൽ ഇങ്കാരാജാക്കന്മാരുടെ രാജ്യത്തെ ആക്രമിച്ചു. ഈ സമയത്തു പെറുവിനെ ഭരിച്ചിരുന്നതു് അതാർഹ്വാംപ്പ എന്ന രാജാവായിരുന്നു. അതാർഹ്വാംപ്പയുടെ പിതാവു മരിക്കുന്നതിനു മുമ്പു തന്നെ രാജ്യത്തെ തന്റെ രണ്ടു പുത്രന്മാക്കുമായി പങ്കിട്ടു കൊടുത്തു. എന്നാൽ ഇളയപുത്രനായ അതാർഹ്വാംപ്പ തന്റെ സഹോദരനെ തോല്പിച്ചു ബന്ധനത്തിൽ പാർപ്പിച്ചുശേഷം അയാളുടെ രാജ്യത്തെയും കൂടി ഭരിച്ചുവന്നിരുന്നു. തന്റെ ജ്യേഷ്ഠനെ സഹായിച്ചവരോടു അതാർഹ്വാംപ്പ വളരെ ക്രൂരതകളം പ്രവൃത്തിച്ചെങ്കിലും സ്വഭാവത്തിൽ അദ്ദേഹം ഔദാര്യശീലനായിരുന്നു.

പിസ്സാറോയും സൈന്യവും പെറുവിൽ കടന്നു അതിന്റെ തലസ്ഥാനത്തിലേയ്ക്കു നടന്നുതുടങ്ങി. കുറേദൂരം ചെന്നപ്പോൾ അതാർഹ്വാംപ്പ ഒരു വലിയ സൈന്യത്തോടുകൂടി തന്റെ യാത്രയെ തടയുന്നതിനായി കാത്തുനിൽക്കുന്നതു കണ്ടു. തന്റെസൈന്യം ഇങ്കാരാജാവിന്റെ സൈന്യത്തെക്കാൾ ചെറുതായിരുന്നതുകൊണ്ടു യുദ്ധത്തിനു മടിച്ചു പിസ്സാറോ സമാധാനത്തിനപേക്ഷിച്ചു. അതാർഹ്വാംപ്പ ഇതുകേട്ടു വിശ്വസിച്ചു. പി-

സ്സാറോയുടെ ക്ഷണനം അനുസരിച്ചു അദ്ദേഹം തന്റെ സൈന്യത്തെ വിട്ടു ഏതാനും ഭടന്മാരുമായി സ്പെയിൻകാരുടെ പാളയത്തിനടുക്കൽ വന്നു. അപ്പോൾ ചതിയനായ പിസ്സാറോ ഇങ്കായുടെ അകമ്പടിയുള്ള ഭടന്മാരെ വധിച്ചു രാജാവിനെ ബന്ധനത്തിൽ പാർപ്പിച്ചു. ഇങ്കാ തടവുകാരനായെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സൈന്യം ഭയന്നു് ഓടിക്കളഞ്ഞു.

ആദ്യം പിസ്സാറോ ഇങ്കായെ ബഹുമാനത്തോടെ തടവിൽ പാർപ്പിച്ചു. തനിക്കു സ്വാതന്ത്ര്യം തന്നാൽ ഒരു വലിയ മുറിയിൽ അടങ്ങുന്ന സ്വർണ്ണം പിസ്സാറോയ്ക്കു കൊടുക്കാമെന്നു അതാർഹ്വാംപ്പ ആ കപ്പിത്താനോടു പറഞ്ഞു. ഇതു കേട്ടിട്ടു പിസ്സാറോവിനു സംശയമുണ്ടായെങ്കിലും ഒടുവിൽ ആ കരാറിനു സമ്മതിച്ചു. അതിന്റെശേഷം രാജാവു സ്വർണ്ണം ശേഖരിക്കാനായി രാജ്യത്തിന്റെനാനാഭാഗങ്ങളിലേയ്ക്കും ചാരന്മാരെ അയച്ചു. അവർ സ്വർണ്ണം കൊണ്ടുവന്നു് ഒരു മുറിയുടെ മുക്കൽഭാഗവും നിറച്ചു. മുറിമുഴുവൻ നിറഞ്ഞില്ലെങ്കിലും ഇത്രവളരെ ധനം കണ്ടു സന്തുഷ്ടനായ പിസ്സാറോ രാജാവിനെ താമസിയാതെ വിട്ടയക്കാമെന്നു വീണ്ടും വാഗ്ദാനം ചെയ്തു.

ഇങ്ങിനെയിരിക്കുമ്പോൾ അതാർഹ്വാംപ്പ കാരാഗൃഹം കാക്കുന്ന ഭടന്മാരോടു് അവരുടെ അക്ഷരജ്ഞാ-

എഴുത്തുന്ന വിദ്യയെക്കുറിച്ചു അതിശയിച്ചു പറയാറുണ്ടാ-
യിരുന്നു.

ഒരു ഭടനെക്കൊണ്ടു തന്റെറ കയ്യിലെ നഖത്തിൽ
"ദൈവം" എന്ന വാക്കു അവരുടെ ഭാഷയിൽ എഴുതു-
വാൻപറഞ്ഞു. ആ ഭടൻ അതു വായിച്ചുതുകേട്ടിട്ടു
അക്ഷരങ്ങളുടെ ഉപയോഗം അറിയാത്ത ഇങ്കാ വളരെ
അതിശയിച്ചു. ഒരിക്കൽ പിസ്സാറോ തന്നെക്കാണുവാൻ
വന്നപ്പോൾ തന്റെറ നഖത്തിലെഴുതീട്ടുള്ള വാക്കിനെ
വായിക്കുവാൻ അതാർഹ്വാൾപ്പ കൂപ്പിത്താനോടു പറ-
ഞ്ഞു. പിസ്സാറോ എഴുത്തു പഠിച്ചിട്ടില്ലായിരുന്നതിനാൽ
അതു വായിക്കാൻ കഴിഞ്ഞില്ല. ഇതുകണ്ടിട്ടു പിസ്സാ-
റോ തന്റെറ ഭടന്മാരേക്കാൾ അറിവില്ലാത്തവനാണെന്നു
അതാർഹ്വാൾപ്പ മനസ്സിലാക്കി. ഇതുകൊണ്ടാണു
പിസ്സാറോവിനു അതാർഹ്വാൾപ്പയോടു വിരോധമുണ്ടാ-
യതെന്നു പറയുന്നു.

അതേസമയത്തുതന്നെ പിസ്സാറോയുടെ ഭടന്മാർ
അതാർഹ്വാൾപ്പയെ വധിച്ചാലേ അവക്കു രക്ഷയുള്ളൂ
എന്നു പിസ്സാറോയെ ധരിപ്പിച്ചു. മുൻപറഞ്ഞ സംഗതി
നിമിത്തം തനിക്കു ഇങ്കായോടുള്ള വിരോധംകൊണ്ടു
പിസ്സാറോ ഭടന്മാരുടെ അപേക്ഷ അനുസരിക്കാമെന്നു
നിശ്ചയിച്ചു. മുമ്പുചെയ്ത വാഗ്ദാനത്തെ മറന്നു അ-
താർഹ്വാൾപ്പയെ വധിക്കുന്നതിനു പിസ്സാറൊ വിധി-

ച്ചു. ഇങ്ങിനെയാണു് ഒടുവിലത്തെ ഇങ്കാരാജാവു മരിച്ചതു്. അതിൽപ്പിന്നെ കുറെ യുദ്ധങ്ങൾ കഴിച്ചതിനുശേഷം പെറുസാമ്രാജ്യത്തെ സ്പെയിൻ ദേശക്കാർ സ്വാധീനപ്പെടുത്തി. ചതിയനായ പിസ്സാറോ തന്റെ ഭടന്മാരുടെ ചതിപ്രയോഗത്താൽ അവസാനത്തിൽ മരിച്ചു.

രാജസ്ഥാന്റെ ചരിതങ്ങൾ

ഇൻഡ്യാദേശാരാജ്യത്തെ ഭരിച്ചിരുന്ന മുകിലചക്രവർത്തിമാരിൽവെച്ചു ഏറ്റവും ആഡംബരപ്രിയനായിരുന്നതു ഷാജിഹാൻ ആയിരുന്നു. ഡൽഹിപട്ടണത്തെ സൃഷ്ടിച്ചതും അതിനെ വിശേഷമായ കെട്ടിടങ്ങൾകൊണ്ടലംകരിച്ചതും അദ്ദേഹംതന്നെ. അദ്ദേഹം പണിയിച്ചിട്ടുള്ള കൊട്ടാരങ്ങളും ശവകുടീരങ്ങളും ഇക്കാലത്തും അതിശയത്തെ ഉണ്ടാക്കുന്നു. ഷാജിഹാന്റെ മയൂരസിംഹാസനം ലോകപ്രസിദ്ധമാണു്. ഇങ്ങനെ ആഡംബരപ്രിയനായ ചക്രവർത്തിക്കു അതിനു തക്ക പ്രാബല്യമുണ്ടായിരുന്നു. ഷാജിഹാന്റെ കീർത്തി സകല ദേശങ്ങളിലും വ്യാപിച്ചു.

മഹാനായ ഷാജിഹാൻ ചക്രവർത്തിയെ സന്ദർശിക്കാനായി പ്രബലനായ പെർസ്യാരാജാവു് ഒരിക്കൽ തന്റെ

ദൂതനെ അയച്ചു. അന്നത്തെ ഏർപ്പാട്ട് ചക്രവത്തി-
യെ മുഖം കാണിക്കാൻ വരുന്നവരൊക്കെ തറയോളം
കനിഞ്ഞു വണങ്ങണമെന്നായിരുന്നു അങ്ങനെ ചെ-
യ്വാൻ പ്രയാസമാണെന്നു ആ രാജദൂതൻ ഷാജിഹാനെ
അറിയിച്ചു. ചക്രവത്തി രാജദൂതന്റെ അഹംഭാവം
കുറച്ചുവയ്ക്കണമെന്നു നിശ്ചയിച്ചു് ക്രൂടിക്കാഴ്ചമുറിയുടെ
വാതലിന്റെ മുകൾഭാഗം അടച്ചു് അടിയിൽ ഒരു മനു-
ഷ്യൻ വളരെ കുനിഞ്ഞാൽ മാത്രം കടക്കത്തക്കവണ്ണം വഴി
ഇട്ടേയ്ക്കണമെന്നു അദ്ദേഹം ഭൃത്യന്മാരോടു് ശട്ടം കെട്ടിയി-
രുന്നു. ദൂതൻ വരുമ്പോൾ നല്ലവണ്ണം കുനിയാതെ അ-
കത്തേയ്ക്കു കടപ്പാൻ മാർഗ്ഗമില്ല. അതുകൊണ്ടു് താനു
വണങ്ങുന്നതുപോലെ കുനിഞ്ഞിട്ടല്ലാതെ ആ രാജദൂതൻ
തന്റെ മുമ്പിൽ വരികയില്ലെന്നു വിചാരിച്ചു ചക്രവത്തി
സന്തോഷിച്ചുകൊണ്ടിരുന്നു. ക്രൂടിക്കാഴ്ചയ്ക്കു നിശ്ചയി-
ച്ചിരുന്ന സമയത്തുതന്നെ ദൂതൻ വന്നു. ക്രൂടിക്കാഴ്ചമുറി-
യുടെ പടിക്കൽ വന്നപ്പോൾത്തന്നെ വാതലിന്റെ സ-
ന്ധ്യാഭാഗം കണ്ടു് ദൂതനു കാര്യമൊക്കെ മനസ്സിലായി.
ഉടനെ അയാൾ പുറവശം മുമ്പിലായിട്ടു കുനിഞ്ഞു് പിന്നോ-
തിരിഞ്ഞു് രാജധാനിയിൽ പ്രവേശിച്ചു. ചക്രവത്തി-
ക്കു് ആ കാഴ്ചകണ്ടു് സഹിക്കാൻപാടില്ലാത്ത കോപമു-
ണ്ടായി.

ചക്രവത്തി:—"എടോ! തന്നേപ്പോലെയുള്ള കഴുത

കളെക്കെട്ടിയിരിക്കുന്ന സ്ഥലത്തു വരുന്നു എന്നാണോ താൻ വിചാരിച്ചതു്."

ദൂതൻ.—"ഇത്ര ചെറിയ വാതൽ കണ്ടു് അങ്ങനെ വിചാരിച്ചുപോയതാണു്." ഇങ്ങനെയുള്ള സമ്മാനം വാങ്ങിക്കൊണ്ടു് ഷാജിഹാൻ അന്നത്തെ ക്രൂടിക്കാഴ്ച അവസാനിപ്പിച്ചു.

പിന്നെ ഒരു സന്ദർഭത്തിൽ രാജദൂതന്റെ ചില നിന്ദാസൂചകങ്ങളായ വാക്കുകൾ കേട്ടിട്ടു് ഷാജിഹാൻ ഇങ്ങനെ ചോദിച്ചു:—"തന്റെ രാജാവിനു യോഗ്യന്മാരായ ആളുകൾ തരും ഇല്ലാഞ്ഞിട്ടാണോ മൂഢനായ തന്നെ ഇങ്ങോട്ടയച്ചതു്."

ദൂതൻ:—"എന്റെ സ്വാമിക്കു് യോഗ്യന്മാരായ ഭൃത്യന്മാർ വളരെപ്പേരുണ്ടു്. എന്നാൽ അവിടത്തേപ്പോലെയുള്ള മഹാന്മാരുടെ അടുക്കൽ എന്നെപ്പോലെയുള്ള മൂഢന്മാരെ അയച്ചാൽ മതിയല്ലൊ." ഇതിനും ചക്രവർത്തിക്കു് മുപടി ഒന്നുമില്ലാതായി.

കുറേദിവസം കഴിഞ്ഞു് ഷാജിഹാൻ പിന്നെയും ഒരു വിഷയത്തെപ്പറ്റി ദൂതനോടു സംഭാഷണം ചെയ്തു.

ഷാജിഹാൻ:—"ഡൽഹിപ്പട്ടണമോ, പെർസ്യാരാജ്യത്തിലെ തലസ്ഥാനമായ ഇഫ്സഹാൻ നഗരമോ, എതാണു് കുറേക്കൂടി വിശേഷം പറയു."

ദൂതൻ—"ഇപ്പോൾ സഫാൻ നഗരം ഡൽഹിയുടെ പൊടിക്കു തുല്യമല്ലയല്ലോ."

ശുദ്ധനായ ചക്രവർത്തി ദൂതന്റെ ഉത്തരം കേട്ടു സന്തോഷിച്ചു് ഞെളിഞ്ഞു. പക്ഷെ അതു് കാര്യം മനസ്സിലാകാതെ ചെയ്തുപോയതാണു്. ദൂതൻ പറഞ്ഞതിന്റെ താല്പര്യം ഡൽഹിപ്പട്ടണത്തിൽ പൊടിയുടെ ബാഹുല്യം അധികമെന്നായിരുന്നു.

ഷാജിഹാൻ:—"ഞാനൊന്നു ചോദിക്കാം. നല്ലപോലെ ആലോചിച്ചു ഉത്തരം പറയണം."

ദൂതൻ:—"ആലോചിച്ചുതന്നെ പറയാം."

ഷാജിഹാൻ:—"മകിലചക്രവർത്തിയേയും പെർസ്യാരാജാവിനേയും താരതമ്യപ്പെടുത്താമോ? കഴിയുമെങ്കിൽ പറഞ്ഞാൽ മതി കേട്ടോ ബുദ്ധിമുട്ടേണ്ട."

ദൂതൻ:—"ബുദ്ധിമുട്ടൊന്നുമില്ല. പറയാം"

ഷാജിഹാൻ:—"എന്നാൽ പറയു കേൾക്കട്ടെ."

ദൂതൻ—"മകില ചക്രവർത്തിയെ പൂർണ്ണചന്ദ്രനോടു സാമ്യപ്പെടുത്താം. എന്നാൽ എന്റെ സ്വാമിയായ പെർസ്യാ രാജാവിനെ ചന്ദ്രക്കലയോടുവേണം സാദൃശ്യപ്പെടുത്താൻ" ഇത്രയും കേട്ടപ്പോൾ ഷാജിഹാൻ ചക്രവർത്തി പരമാനന്ദംകൊണ്ടു മതിമറന്നുപോയി. എന്നാൽ ദൂതൻ പറഞ്ഞതിന്റെ അന്തരാർത്ഥം മനസ്സിലാ-

യപ്പോൾ ഉദ്ദേശത്തിനു വന്ന ദോഷത്തിനു് കണക്കില്ല. രാജദൂതൻ ഉദ്ദേശിച്ച അർത്ഥം മകധം സാമ്രാജ്യം ക്ഷയിക്കാറായി എന്നും പേർസ്യാരാജ്യം വർദ്ധിക്കാൻപോകുന്നു എന്നും ആയിരുന്നു. ചന്ദ്രൻ പൂർണ്ണനായതിൽപിന്നീടു ക്ഷയിക്കയാണല്ലോ. നേരേ മറിച്ചു് ചന്ദ്രക്കല ഒന്നിനൊന്നു വർദ്ധിച്ചു പൂർണ്ണതയെ പ്രാപിക്കയും ചെയ്യുന്നു.

ഇങ്ങനെയുള്ള സംഭാഷണങ്ങൾകൊണ്ടു ചക്രവർത്തിക്കു് രാജദൂതന്റെ നേരെ വിരോധം വർദ്ധിച്ചുവന്നു. എന്നാൽ ദൂതന്മാരെ വധിക്കയോ ഉപദ്രവിക്കയോ ചെയ്യുന്നതു രാജനീതിക്കു് വിരുദ്ധമായിട്ടുള്ളതാണു്. അതുകൊണ്ടു ദൂതനെ പരസ്യമായി ശിക്ഷിക്കാതെ രഹസ്യമായി അപായപ്പെടുത്തണമെന്നു് ചക്രവർത്തി നിശ്ചയിച്ചു് ഒരു മദിച്ച കുഞ്ഞയാനയെ നിയോഗിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സമർത്ഥനായ ദൂതൻ അപകടമൊന്നും കൂടാതെ രക്ഷപ്പെടുകയാണുണ്ടായതു്.

ചക്രവർത്തിക്കു പറ്റിയ വിഡ്ഢിത്വം

മുഗൾ രാജ്യത്തിലെ പ്രഭുക്കന്മാർ മരിച്ചാൽ അവരുടെ സമ്പത്തുമുഴുവനും ചക്രവർത്തിതന്നെ എടുക്കുന്നതു് പതിവായിരുന്നു. മനസ്സുണ്ടെങ്കിൽ അല്പം വല്ലതും മരിച്ചയാളിന്റെ ഭാര്യയ്ക്കും കുട്ടികൾക്കും കൊടുക്കും. അല്ലാതെ അച്ഛന്റേയും ഭർത്താവിന്റേയും മരണത്തിനു് മക്കൾക്കും ഭാര്യക്കും അവകാശമുണ്ടായിരുന്നില്ല. ഈ നടപ്പു വളരെ കഷ്ടമായിട്ടുള്ളതാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. വലിയസമ്പന്നകാരായ അളുകൾ മരിച്ചാൽ അവരുടെ കുട്ടികൾ കാലക്ഷേപത്തിനു ഒന്നുമില്ലാതെ വഴിയാധാരമായിത്തീരുന്നു, ഏകിലും അതൊന്നും വകവയ്ക്കാതെ മുകൾചക്രവർത്തിമാരെല്ലാം മേല്പറഞ്ഞ വിധത്തിൽ പ്രജകളുടെ സമ്പത്തിനെ അപഹരിച്ചുകൊണ്ടിരുന്നു.

ഈ ഏപ്പാട്ടു് ഷാജിഹാൻ ചക്രവർത്തിക്കുമുണ്ടായിരുന്നു. അതു സംബന്ധമായി അദ്ദേഹത്തിനെക്കുറിച്ചു് രണ്ടു ഐതിഹ്യങ്ങളുണ്ടു്. അൻപത്തുവർഷക്കാലം ചക്രവർത്തിയെ വിശ്വാസമായി സേവിച്ച ഒരു പ്രഭുവിന്റെ ദീർഘമായ ഉദ്യോഗകാലത്തിനിടയിൽ വളരെ സമ്പത്തു

സമ്പാദിച്ചു അദ്ദേഹം മരിക്കാറായപ്പോൾ ചക്രവർത്തിയുടെ മൻ പറയപ്പെട്ട ഏഴ്പ്രാതോത്തിട്ട് തന്റെ സ്വത്തുക്കളും സാധുക്കൾക്കു ദാനംചെയ്തു. എന്നിട്ട തന്റെ പെട്ടികൾക്കകത്തു് തുരുമ്പുപിടിച്ച ഇരുമ്പുകഷണങ്ങൾ പഴയചെരുപ്പുകൾ, മുതലായ സാമാനങ്ങൾകൊണ്ടു നിറച്ചു പെട്ടിയെല്ലാം ഭദ്രമായി പൂട്ടി മുദ്രവെച്ചു. ഈ പെട്ടികളിലാണു് തന്റെ മുതലെല്ലാമിരിക്കുന്നതെന്നും താൻ മരിച്ചാൽ ഈ വിവരമെല്ലാം ചക്രവർത്തിയെ അറിയിക്കണമെന്നും സമീപസ്ഥന്മാരോടു് പറഞ്ഞേർപ്പാടുചെയ്തശേഷം അദ്ദേഹം മരിച്ചു. ആ നിമിഷത്തിൽത്തന്നെ രാജഭൃത്യന്മാർ പ്രഭുവിന്റെ വീട്ടിൽചെന്നു് പെട്ടികളെല്ലാമെടുത്തു് കൊണ്ടുപോയി. ചക്രവർത്തിക്കു് പെട്ടികൾ കണ്ടു വളരെ സന്തോഷമുണ്ടായി. പെട്ടികളെല്ലാം തുറന്നു നോക്കിയപ്പോൾ അവിടെ അസംഖ്യം ജനങ്ങൾ കൂടി നിന്നിരുന്നു. സ്വർണ്ണവും വെള്ളിയും കണാൻ കാത്തുനിന്ന ഷാജിഹാനു് പെട്ടി തുറന്നപ്പോൾ ഉണ്ടായ കോപവും ജാള്യതയും പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇനി വേറൊരു കഥയും കൂടി പറയാം. ചക്രവർത്തിയുടെ ന്യായാഹിതമായ പിടിച്ചുപറി പൂർവസ്ഥിതിയിൽ തന്നേ ഇരിക്കുമ്പോൾ ഒരു ധനികനായ ഹിന്ദു കച്ചവടക്കാരൻ മരിച്ചു. അയാൾ സമർത്ഥനായിരുന്നതുകൊണ്ടു തനിക്കു സന്താനം ഒന്നുംതന്നെയില്ലെന്നു് നടി-

ച്ചുപോന്നിരുന്നു. അതിനാൽ ചക്രവർത്തിയുടെ ഉദ്യോഗസ്ഥന്മാർ വന്നു് അയാളുടെ മുതലെല്ലാം കണ്ടുകെട്ടിയില്ല. കച്ചവടക്കാരന്റെ വിധവ സ്വത്തിനെയെല്ലാം രഹസ്യമായി പരിപാലിച്ചു വന്നു. എന്നാൽ തന്റെ പുത്രൻ ആ സ്വത്തെല്ലാം നശിപ്പിക്കാൻ ഉദ്യമിച്ചുകൊണ്ടിരുന്നു. ഉമ്മാറ്റിയായ അവൻ ക്രമേക്രമേ പണം ചോദിച്ചുതുടങ്ങി. അവന്റെ അമ്മ കൊടുക്കുകയില്ലെന്നും ശാഠ്യം പിടിച്ചു. മകൻ കോപിച്ചു ചക്രവർത്തിയുടെ അടുക്കൽ ചെന്നു തന്റെ അച്ഛന്റെ സ്വത്തു മുഴുവൻ അമ്മ അനുഭവിക്കുന്നുവെന്നും അതിലൊരു പങ്കിനു് തനിക്കവകാശമുണ്ടെന്നും മറ്റും അറുവലാധി പറഞ്ഞു. വിധവയുടെ പക്കൽ പണമുണ്ടെന്നു തനസ്സിലായ ഉടൻ തന്നെ ആ സ്ത്രീയെ തന്റെ മുമ്പിൽ കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചു. വിധവ ചക്രവർത്തിയുടെ മുമ്പിൽ വന്നപ്പോൾ ഒരു ലക്ഷം രൂപാ തനിക്കു കൊടുത്തയക്കണമെന്നും അര ലക്ഷം രൂപാ ആ യുവാവിനു കൊടുക്കണമെന്നും ഷാജിഹാൻ അവളോടു പറഞ്ഞു. ഉടനെ തന്നെ രാജഭൃത്യന്മാർ ആ സ്ത്രീയോടൊന്നിച്ചു രാജസന്നിധിയിൽ നിന്നും പോയി. എന്നാൽ ആ വിധവ തനിക്കൊരു സംഗതി തിരുമനസ്സുണർത്തിക്കാനുണ്ടെന്നു് ഉറക്കെ വിളിച്ചു പറഞ്ഞു. ഉടനെ ആ സ്ത്രീയെ തന്റെ മുമ്പിൽ കൊണ്ടുവരാൻ ഷാജിഹാൻ കല്പനകൊടുത്തു.

ആ സ്ത്രീ തിരിയെ വന്നു ഇങ്ങനെ പറഞ്ഞു. "എന്റെ മകനു് അച്ഛന്റെ സ്വത്തിനുള്ള അവകാശം എനിക്കറിയാം. അച്ഛന്റെ സ്വത്തിനു പുത്രനാണല്ലോ അവകാശി. എന്നാൽ എനിക്കു മനസ്സിലാകാത്തതു എന്റെ ഭർത്താവിനും തിരുമനസ്സിനും തമ്മിലുള്ള ബന്ധുത്വമാണു്." ഈ ഉത്തരം കേട്ടു ചക്രവർത്തി വളരെ ലജ്ജിച്ചു തനിക്കു് ധനം വേണ്ടാ എന്നു പറഞ്ഞു ആ സ്ത്രീയെ യാത്രയാക്കുകയും ചെയ്തു.

രാജാവിന്റെ ഏഴുത്തു്

മഹമ്മദുനിബി മഹമ്മദുമതം സ്ഥാപിച്ചു അറേബ്യ രാജ്യത്തെ പ്രബലപ്പെടുത്തി. അതിൽപിന്നീടു സമർത്ഥന്മാരായ അനേകം രാജാക്കന്മാർ അവിടെ രാജ്യഭാരം ചെയ്തു. കാലിഫ്ഓമർ അങ്ങനെയുള്ള ഒരാളായിരുന്നു.

അദ്ദേഹത്തിന്റെ ധൈര്യവും സത്യനിഷ്ഠയും ലോകപ്രസിദ്ധമാണു്. ഓമർ അനേകം രാജ്യങ്ങളെ പിടിച്ചടക്കി വളരെ പ്രതാപത്തോടുകൂടി രാജ്യഭാരം ചെയ്തു. അദ്ദേഹത്തിന്റെ ഖജനാവിൽ അസംഖ്യം ധനമുണ്ടായിരുന്നു. എങ്കിലും ഈ ഐശ്വര്യംകൊണ്ടു് ഓമറിനു് ഒട്ടും അഹംഭാവമുണ്ടായിരുന്നില്ല. അദ്ദേഹം എല്ലാവരേയും സമബുദ്ധിയോടുകൂടി പരിപാലിച്ചു. ആഡംബരങ്ങളിൽ ഒന്നിലും അദ്ദേഹത്തിനു പ്രിയമുണ്ടായിരുന്നില്ല. ഈ രാജാവു തന്റെ ദിനചര്യകളും തന്നെ വളരെ ക്രമമായിട്ടാണു് നടത്തിവന്നതു്. അദ്ദേഹത്തിന്റെ ഭക്ഷണം തന്റെ നാട്ടുകാരുടെ ഇടയിൽ പതിവുള്ളതുപോ-

ലെ പേരീന്തപ്പഴവും, ബാർലിഅപ്പവും, പച്ചവെള്ളവും ആയിരുന്നു. ഓമർ രാജധാനിവിട്ട വല്ലെടത്തും പോകുമ്പോഠം ഭക്ഷണസാധനങ്ങഠം ഒരു ചാക്കിൽ കെട്ടി താനിരിക്കുന്ന ഒട്ടകത്തിന്റെ പുറത്തുതന്നെ ഒവച്ചുകൊള്ളും. അദ്ദേഹം ധരിക്കുന്ന വസ്ത്രം സാധാരണക്കാർ ധരിക്കുന്നതുപോലെ മാത്രമേ ആയിരുന്നുള്ളു. കീറിയ വസ്ത്രങ്ങഠം ഉടുക്കാനും അദ്ദേഹത്തിനു മടിയുണ്ടായിരുന്നില്ല. ഒരിക്കൽ പേർസ്യാരാജാവിന്റെ ദൂതൻ അദ്ദേഹത്തെ കാണാൻ ചെന്നു. അപ്പോഠം ഓമർ ഒരു ദേവാലയത്തിന്റെ നടയിൽ നിലത്തു കിടന്നുറങ്ങുന്നതു കണ്ടു് ദൂതൻ വളരെ അതിശയിച്ചു.

ഓമറിനു് ഈജിപ്റ്റുരാജ്യത്തെ പിടിച്ചടക്കണമെന്നു ആഗ്രഹമുണ്ടായി. ധീരനും സരസനുമായ അമ്രു എന്ന യുദ്ധവീരനെയാണു് അതിനായി നിയോഗിച്ചതു്. തന്റെ മാതൃരാജ്യത്തിനു് ഉപരിയായ പുഷ്ടിയുണ്ടാകണമെന്നു് അമ്രുവിനു് ആഗ്രഹമുണ്ടായിരുന്നു. രാജാവു് ഈജിപ്റ്റിനെ കീഴടക്കാൻ ഉദ്യമിച്ചതുതന്നെ അയാളുടെ പ്രേരണയാലായിരുന്നു.

അമ്രു്യുദ്ധസന്നാഹങ്ങളോടുകൂടി തിരിച്ചുശേഷം ഈജിപ്റ്റിനെ പിടിക്കാൻ ആ സൈന്യം മതിയാകയില്ലെന്നു് രാജാവിനു തോന്നി. അതിനാൽ അമ്രുവിന്റെ പേക്കു് അദ്ദേഹം ഒരു എഴുത്തയച്ചു. എഴുത്തു കിട്ടുന്നതിനു മുമ്പു ഈജിപ്റ്റിൽ എത്തീട്ടില്ലെങ്കിൽ ഉടൻ തിരിയ്ക്കു പോരണമെന്നും, ആ രാജ്യത്തിൽ ചെന്നുചേർന്നിട്ടുള്ള പക്ഷം മൈയ്ത്തോടുകൂടി യുദ്ധംചെയ്തു അതിനെ കീഴടക്കണമെന്നുമായിരുന്നു എഴുത്തിലെ സാരം.

രാജാവിന്റെ കല്പന കയ്യിൽ കിട്ടിയപ്പോഴേം അമ്രു ഈജിപ്റ്റിൽ എത്തീട്ടില്ലായിരുന്നു. എഴുത്തിന്റെ സംഗതി അമ്രുവിനു ഏതുവിധത്തിലോ മനസ്സിലായി. അതിനാൽ ഈജിപ്തിൽ ചെന്നുചേരുന്നതുവരെ അയാൾ എഴുത്തു പൊട്ടിച്ചു നോക്കിയില്ല. അവിടെ എത്തിയശേഷം അമ്രു എഴുത്തുപൊട്ടിച്ചു വായിച്ചു. അതിൽ പറഞ്ഞിരുന്ന പ്രകാരം ഈജിപ്റ്റിനെ പിടിച്ചടക്കുകയും ചെയ്തു.

ആ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ അമ്രു അലക്സാണ്ട്രിയാ എന്ന പട്ടണത്തെ രോധിച്ചു. അതു

സംബന്ധിച്ചു പല യുദ്ധങ്ങളും നടന്നുകൊണ്ടിരിക്കവേ കരിക്കൽ അമ്രൂവും ഒരു ഭൃത്യനും ക്രൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ശത്രുക്കളുടെ കയ്യിൽ അകപ്പെടാനിടയായി. തങ്ങളുടെകയ്യിലകപ്പെട്ട തടവുകാരിൽഒരുവൻ ശത്രുസൈന്യത്തിന്റെ നായകനാണെന്നു് അവർ ധരിച്ചിരുന്നില്ല. തടവുകാരെ മുമ്പിൽ നിറുത്തിക്കൊണ്ടു അലക്സാണ്ട്രിയായിലെ സേനാധിപൻ ചില ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. അമ്രൂവിന്റെ ഉത്തരങ്ങൾ വളരെ തന്റേടത്തോടുക്രൂടിയവയായിരുന്നു. അതുകൊണ്ടു അയാൾ കേവലം ഒരു ഭടനല്ലെന്നു മറുകക്ഷിക്കാക്കു തോന്നിത്തുടങ്ങി. അവർ തന്റെ യജമാനനെ സംശയിച്ച വിവരം അമ്രൂവിന്റെ ഭൃത്യനു മനസ്സിലായി. അവൻ മുമ്പോട്ടു ചാടി അമ്രൂവിന്റെ ചെകിട്ടിൽ ദേഷ്യത്തോടുക്രൂടി അടിച്ചു. "നീ മിണ്ടാതിരിക്കു്; ഞാനുള്ളപ്പോൾ നീയാണോ സംസാരിക്കുന്നതു്. ചോദ്യങ്ങൾക്കു മറുപടി ഞാൻ പറഞ്ഞുകൊള്ളാം."

അമ്രൂ അടികൊണ്ടശേഷം മിണ്ടാതെ നിന്നു. ഭൃത്യൻ യജമാനസ്ഥാനം നടിച്ചു സംഭാഷണം നടത്തുകയുംചെയ്തു. ഇതു കണ്ടു ശത്രുക്കൾക്കു അമ്രൂവിന്റെ

പേരിലുള്ള സംശയം തീരെയില്ലാതായി. തന്റെ അടിയുടെ ക്രമ്പുലിയെകൊണ്ട് ആത്മാ രക്ഷപ്പെടുകയും ചെയ്തു. ഈ സംഭവം കഴിഞ്ഞു ആത്മാ, തന്റെ സൈന്യത്തോടുചേന്നു. അതിന്റെ ശേഷം വളരെ നാൾ യുദ്ധംചെയ്തു അലക്സാണ്ട്രിയാ നഗരത്തെ കീഴടക്കുകയും ചെയ്തു. ആത്മാ ആ നഗരത്തിൽ പലയിടത്തും സഞ്ചരിച്ചുകൊണ്ടിരുന്നതിനിടയ്ക്ക് പല സ്ഥലങ്ങളും സന്ദർശിച്ചു. അവിടെ വളരെ പുരാതനമായ ഒരു ഗ്രന്ഥശാലയുണ്ടെന്നു കേട്ട് അദ്ദേഹം അതു കാണാനായി ചെന്നു. പലമാതിരി വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന അസംഖ്യം പുസ്തകങ്ങൾ അടുക്കിയടുക്കിവച്ചിരിക്കുന്നതു കണ്ടു ആത്മാവിനു വളരെ അതിശയം തോന്നി. പുസ്തകങ്ങൾ എന്തുചെയ്യണമെന്നു ചോദിക്കാനായി ആത്മാ കാമറുടെ അടുക്കൽ ആളയച്ചു. രാജാവിന്റെ കല്പന ഇപ്രകാരമായിരുന്നു. "മതസംബന്ധമായ പുസ്തകങ്ങളാണെങ്കിൽ അവയെക്കൊണ്ടു പ്രയോജനമൊന്നുമില്ല. മതകാര്യങ്ങളെല്ലാം കൊറാൻ പുസ്തകത്തിൽത്തന്നെയുണ്ട്. മറ്റു വിഷയങ്ങളെപ്പറ്റിയുള്ള പുസ്തകങ്ങളാണെങ്കിൽ അവ നിശ്ചയമായും ദോഷമുള്ളവയാണ്. അതുകൊണ്ട് ആ പുസ്തകങ്ങളെല്ലാം നശിപ്പിക്കണം."

ഈ കല്പനയുടെ സാരം മനസ്സിലാക്കിക്കൊണ്ടു ആത്മാ, ആ വിലമതിക്കാൻ പാടില്ലാത്ത പുസ്തകങ്ങളെല്ലാം അഗ്നിഭഗവാനായി സമർപ്പിച്ചു.

വിധിയന്ത്രത്തിരിപ്പ്

ഈജിപ്റ്റിലെ രാജാവായ ആപ്രീസ് പല യുദ്ധങ്ങളിലും തോറ്റതുകൊണ്ടു പ്രജകൾ അട്ടേഫത്തിന്റെ ഒരു ഉദ്യോഗസ്ഥനായ അമേസിസ്സിനെ രാജാവാക്കി. ആപ്രീസ്സ് ബന്ധനത്തിൽ കിടന്നു മരിച്ചു. അമേസിസ്സു രാജാവായെങ്കിലും അദ്ദേഹം ഒരു ഉയർന്ന കുലത്തിൽ ജനിച്ചയാളല്ലായിരുന്നതുകൊണ്ടു ഈജിപ്റ്റുകാർ അദ്ദേഹത്തെ പരിഹാസത്തോടുകൂടിയാണു് ഗണിച്ചുവന്നതു്. അമേസിസ്സിനു കാലുതേച്ചുകഴുകുന്നതിനു വെള്ളം കൊണ്ടുവയ്ക്കുന്നതു ഒരു സ്വർണ്ണപാത്രത്തിലായിരുന്നു. ഒരിക്കൽ അമേസിസ്സ് ഇതിനെ ഉരുക്കി ഒരു സ്വർണ്ണബിം-

ബം ഉണ്ടാക്കി ക്ഷേത്രത്തിൽ നിക്ഷേപിച്ചു. ഈജിപ്-
റുകാർ ഈ ബിംബത്തെ കണ്ടതിശയിച്ചു അതിനെ വ-
ന്ദിച്ചുതുടങ്ങി. ഇതറിഞ്ഞ ഉടനെ പ്രജകളെ വിളിച്ചു
വരുത്തി അമേസിസ്സ് ഇപ്രകാരം പറഞ്ഞു. "ഞാൻ
കാലുതേച്ചുകഴുകുന്ന പാത്രംകൊണ്ടാണു് നിങ്ങൾ വന്ദി-
ക്കുന്ന ബിംബം ഉണ്ടാക്കപ്പെട്ടിട്ടുള്ളതു്. സ്വർണ്ണംകൊ-
ണ്ടതന്നെയാണു് ഇതു രണ്ടും തീർത്തിട്ടുള്ളതു്. എന്നാൽ
കാലുതേച്ചു കഴുകുന്ന പാത്രമായിരുന്നപ്പോൾ അതിനെ
എല്ലാപേരും നിന്ദിച്ചു. ബിംബമായപ്പോൾ നിങ്ങൾ
അതിനെ വന്ദിക്കുന്നു. ലോകത്തിൽ എല്ലാ കാര്യങ്ങ-
ളും ഇതുപോലെ തന്നെയാണു്. സ്ഥാനം മാറു-
മ്പോൾ ഒരു വസ്തുവിനോടുള്ള ഭാവം സ്ഥാനത്തിനൊ-
ത്തവണ്ണം മാറേണ്ടതാണു്. ഞാൻ രാജാവാകുന്നതിനു
മുമ്പെ നിങ്ങൾക്കു് എന്നെ ആക്ഷേപിക്കാമായിരുന്നു.
എന്നാൽ രാജാവായതിൽ പിന്നെ നിങ്ങൾ അങ്ങനെ
ചെയ്യുന്നതു ശരിയല്ല." അതിനുശേഷം പ്രജകൾ
അദ്ദേഹത്തെ യഥായോഗ്യം ബഹുമാനിച്ചുവന്നു.

അമേസിസ്സിന്റെ ഉറ്റ മിത്രമായിരുന്നതു സാമാ-
സീലെ രാജാവായ പാളിക്രേട്ടീസ്സായിരുന്നു. പാളിക്രേ-

ട്ടീസ് വളരെ പ്രാബല്യത്തോടും ഐശ്വര്യത്തോടും കൂടി സപരാജ്യത്തെ ഭരിച്ചു. അദ്ദേഹം ഏതു യുദ്ധങ്ങളിലും-പ്പെട്ടോ അതിലൊക്കെ വിജയം നേടി. ധനവിഷയത്തിലും അദ്ദേഹത്തെ ജയിക്കുന്ന രാജാക്കന്മാർ ചുരുക്കമായിരുന്നു. പാളിക്രേട്ടീസ്സിന്റെ അതിഭാഗ്യത്തെക്കണ്ടു്, അതു എന്നും നിലനിൽക്കുമോ എന്നു അമേസിസ്സിനു ശങ്ക തോന്നി. അതുകൊണ്ടു് അദ്ദേഹം കത്തു എഴുത്തു എഴുതി തന്റെ സ്നേഹിതനു അയച്ചു. "നമ്മുടെ സ്നേഹിതന്റെ ഐശ്വര്യം വർദ്ധിച്ചുവരുന്നതു കണ്ടിട്ടു നാം വളരെ സന്തോഷിക്കുന്നു. എന്നാൽ കടുത്ത പരാജയവും ദുഃഖവും താങ്കൾക്കു സംഭവിക്കാത്ത സംഗതിയാലോചിക്കുമ്പോൾ നമുക്കു് അല്പം ഭയം തോന്നിപ്പോകുന്നു. എന്തെന്നാൽ ദൈവം മനുഷ്യരുടെ ഇടവിടാതെയുള്ള അഭിവൃദ്ധി കണ്ടാൽ അസൂയപ്പെട്ടിട്ടു വല്ല കടുത്ത ദുഃഖവും ഉണ്ടാക്കും. താങ്കൾക്കു ചിലപ്പോഴെങ്കിലും പരാജയം വരുന്നെങ്കിൽ ദൈവത്തിന്റെ അസൂയയെ പേടിക്കേണ്ടിയിരുന്നില്ല. ലോകത്തിൽ ഇതുവരെ ജീവകാലം മുഴുവനും ഇടവിടാതെ സുഖമനുഭവിച്ചുവായി ഒരുത്തരേയും ഞാൻ കണ്ടിട്ടില്ല. കേട്ടിട്ടു-

പോലുമില്ല. അതുകൊണ്ടു താങ്കൾക്കു എന്തോ വലിയ കഷ്ടപ്പാട്ടു വന്നേക്കാം. അതിനെ അകറ്റുവാനായി നമ്മുടെ ഉപദേശമനുസരിച്ചു പ്രവർത്തിക്കണം, താങ്കൾക്കു ഏറ്റവും പ്രിയമുള്ള ഒരു സാധനത്തെ ഉപേക്ഷിച്ചു കളയണം. അതിൽനിന്നുമുണ്ടാകുന്ന ദുഃഖം കണ്ടു് ദൈവത്തിന്റെ അസൂയ ശമിക്കും."

പാളിക്രേട്ടീസ്സു് ഈ എഴുത്തു വായിച്ചിട്ടു് അതിൽ സാരവത്തായ ഉപദേശമാണു് ഉള്ളതെന്നു മനസ്സിലാക്കി അപ്രകാരം ചെയ്യുന്നതിനു നിശ്ചയിച്ചു. അദ്ദേഹം വളരെ വിലമതിച്ചുവന്നതു് തന്റെ പത്മരാഗം പതിച്ച ഒരു മോതിരമായിരുന്നു. ഒരു ദിവസം രാജാവു കപ്പലിൽ കയറി വളരെ ദൂരം പോയി ആ മോതിരത്തെ നടുക്കടലിൽ എറിഞ്ഞു. എന്നിട്ടു ദൈവത്തിന്റെ അസൂയയിൽ നിന്നു് താൻ രക്ഷപ്പെട്ടിരിക്കുന്നു എന്നുള്ള വിചാരത്തോടുകൂടി സുഖമായിത്താമസിച്ചു. ഏഴാറുദിവസം കഴിഞ്ഞപ്പോൾ ഒരു മുക്കുവൻ ഒരു വലിയ മത്സ്യത്തിനെ പിടിച്ചു് പാളിക്രേട്ടീസ്സിനു കാഴ്ചവെച്ചു. അതിനെ അറുത്തപ്പോൾ അതിനകത്തു പത്മരാഗം പതിച്ച ഒരു മോതിരം കണ്ടു. അതിനെ എടുത്തു ഭൃത്യന്മാർ രാജസ-

ന്നിധിയിൽ വച്ചു. ഇതുകണ്ടു പാളിക്രേട്ടീസ്സ് "ദൈവ-വിധി തടുക്കാൻ വഹ്നിയാ," എന്നു പറഞ്ഞിട്ട് ഇയ-സംഗതി തന്റെ ഇഷ്ടനായ അമേസിസ്സിനെ അറിയിച്ചു. അമേസിസ്സ് പാളിക്രേട്ടീസ്സിന്റെ ഇഷ്ടനായിരുന്നതിനാൽ ദൈവത്തിന്റെ കോപം തന്റെ നേക്കുണ്ടാകുമെന്നു വിചാരിച്ച് സാമാസിലെ രാജാവിനോടുള്ള ബന്ധുത-ത്തെ മതിയാക്കി. താമസിയാതെ പാളിക്രേട്ടീസ്സിനെ പേർസ്യാരാജ്യക്കാർ തോല്പിച്ചു വധിക്കുകയും ചെയ്തു.

പുരാതന ഈജിപ്റ്റിൽ പ്രസിദ്ധന്മാരായ വൈ-ദ്യന്മാരുണ്ടായിരുന്നു. ഒരു കണ്ണുവൈദ്യനെ അയച്ചു-കൊടുക്കണമെന്നു പെർസ്യാരാജാവു അമേസിസ്സിനോടു ആവശ്യപ്പെട്ടു. പ്രസിദ്ധനായ ഒരു കണ്ണുവൈദ്യനെ അമേസിസ്സ് പെർസ്യായിലേക്കു അയച്ചു. തനിക്കു തന്റെ നാടുവിട്ടു അന്യനാട്ടിൽ പോയി താമസിക്കുവാൻ പ്രയാസമെന്നു ഒഴികഴിവുകൾ പലതും ഈ വൈദ്യൻ പറഞ്ഞതിനെ സാരമാക്കാതെയാണു ഈ വൈദ്യനെ അമേസിസ്സു പെർസ്യായിലേക്കയച്ചതു്. വൈദ്യൻ പ്രതി-കാരം ചെയ്യണമെന്നുകരുതി പെർസ്യാരാജാവിനോടു അ-മേസിസ്സിന്റെ മകൾപുത്രിയെ വിവാഹംകഴിക്കണമെന്നു

പറഞ്ഞു് ഉത്സാഹപ്പെടുത്തി. പെർസ്യാരാജാവു് ഇതിനിടയ്ക്കു് അമേസിസ്സിനോടു ചോദിച്ചു. അമേസിസ്സു് വലിയ പരുങ്ങലിലായി. തന്റെ പുത്രിയെ പിരിഞ്ഞിരിക്കുന്നതു് അമേസിസ്സിനു് അസഹ്യമായിരുന്നു. ഈ പുത്രിയെ ഈജിപ്റ്റിലുള്ള വല്ല പ്രഭുക്കന്മാരെക്കൊണ്ടോ വിവാഹംചെയ്യിച്ചു് തന്റെ കൂടെത്തന്നെ താമസിപ്പിക്കണമെന്നായിരുന്നു അമേസിസ്സിന്റെ പണ്ടേയുള്ള ആലോചന. എന്നാൽ പ്രബലനായ പെർസ്യാരാജാവിനെ തന്റെ വിരോധിയാക്കുന്നതിനും അമേസിസ്സിനു മനസ്സുവന്നില്ല. അതുകൊണ്ടു് അമേസിസ്സു് ഒരു തന്ത്രം പ്രയോഗിച്ചു തന്റെ മൻഗാമിയായ ആപ്രീസ്രാജാവിന്റെ പുത്രിയെ അമേസിസ്സു് എടുത്തു വളർത്തിവന്നിരുന്നു. ആ രാജകുമാരി തന്റെ പുത്രിയാണെന്നു പറഞ്ഞു് അമേസിസ്സു് പെർസ്യായിലേക്കു് അയച്ചു. കുറെക്കഴിഞ്ഞപ്പോൾ താൻ വിവാഹംചെയ്തതു അമേസിസ്സിന്റെ പുത്രിയെയല്ലെന്നു പെർസ്യാരാജാവിനു അറിവുകിട്ടി. അതുകൊണ്ടു് ഈജിപ്റ്റുമായി യുദ്ധം ചെയ്യുന്നതിനു പെർസ്യാരാജാവു് ആരംഭിച്ചു.

പെർസ്യാരാജാവും സൈന്യവും ഈജിപ്റ്റിൽ കടക്കുന്നതിനു മുമ്പെ അമേസിസ്സു് മരിച്ചുപോയി. അ-

തിനാൽ അമേസിസ്സിനോട് പ്രതികാരം ചെയ്വാൻ ചെർന്യാരാജാവിന കഴിഞ്ഞില്ല. എങ്കിലും ഈജി പ്റ്റരാജ്യം പ്രയാസംകൂടാതെ കിട്ടിയതിൽവച്ച് അട്ടേ-ഹം വളരെ സന്തോഷിച്ചു

ശുഭം.

Printed at the B. V. Printing Works, Trivandrum—1948.

ഞങ്ങളുടെ
ഇതര പാഠ്യപുസ്തകങ്ങൾ

			രൂ	ണ
ഇംഗ്ലീഷ് സ്കൂൾ				
ഹൃദയകൌമുദി	ഫാറം	IV	1	0
ഭാഷാനൈഷധചമ്പു (പൂർവ്വഭാഗം)	ടി	V	1	8
ഭീഷ്മപർവം	ടി	ൽ	0	12
കല്യാണമൽ	ടി	ടി	1	14
നളചരിതം 1-ാംദിവസം	ടി	VI	0	12
കേരളപാണിനീയം പീഠിക		ടി	1	8
സംസ്കൃതസ്കൂൾ				
സഹൃദയാരാമം Classes V & VI			1	0

ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.